**കേരള സർക്കാർ**

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 ജനുവരി

## ഉള്ളടക്കം


ഹരിത കേരളം മിഷൻ 6

ലൈഫ് മിഷൻ 38

വിദ്യാകിരണം 40

ആർദ്രം മിഷൻ 44

മോണിറ്ററിങ് & ഇവാല്യുവേഷൻ 55

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനുവരി | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 321 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 31,037 | 548 | 31,585 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 38,396 | 1812 | 40,208 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3,759 | 46 | 3,805 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,434 | 74 | 5,508 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9,438 | 125 | 9,563 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18,273 | 192 | 18,465 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 730 | 31 | 761 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 69,631 | 1,639 | 71,270 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 660 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 341 | 1 | 342 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 215 | | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 2448.57 | 293.66 | 2742.23 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3600 | 48 | 3648 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,128.93 | 40.92 | 1169.86 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 9 | | 9 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2,422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 986 | 128 | 1,114 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 434 |
| പ്രഖ്യാപനം നടത്തിയ ഹരിത ടൂറിസം കേന്ദ്രങ്ങൾ | | | 106 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 56225 |
| ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | | | 41552 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 8 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | 54 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 ജനുവരി മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

- ❖ കൊല്ലം ജില്ലയിൽ തിരഞ്ഞെടുത്ത 19 തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജില്ലാതല കോർ കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലാതല ശിൽപ്പശാല ജനുവരി മാസം സംഘടിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ GIDA-യുടെ സഹായത്തോടെ ഹരിത കേരളം മിഷനും ഗ്രാമപഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ ഭാഗമായ

സർവ്വേ വൈപ്പിൻ ബ്ലോക്കിലും, ഞാറക്കൽ ഗ്രാമപഞ്ചായത്തിലും പൂർത്തീകരിച്ചു. എറണാകുളം ജില്ലയിലെ മുളവുകാട്, കടമക്കുടി, എളങ്കുന്നപ്പുഴ, പള്ളിപുറം, എടവനക്കാട്, നായരമ്പലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർവ്വേ നടന്നു വരുന്നു.

- ❖ തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി 65 പേർ പോർട്ടലിൽ രജിസ്റ്റർ ചെയ്തു. സർക്കാർ സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കുന്നതിനുവേണ്ടി കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ LED യൂണിറ്റ് പ്രവർത്തനം തൻമാസം ആരംഭിച്ചു. പുതിയ LED ബൾബ്, മാല ബൾബ് എന്നിവയുടെ നിർമ്മാണവും കേടായ ബൾബുകളുടെ റിപ്പയർ വർക്കുകളും ഏറ്റെടുത്ത് നടത്തുന്നുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭ ശിൽപശാല 2025 ജനുവരിയിൽ തോട്ടക്കരയിൽ നടന്നു. ശിൽപശാലയുടെ ഉദ്ഘാടനം ഒറ്റപ്പാലം നഗരസഭാ ചെയർപേഴ്സൺ നിർവ്വഹിച്ചു. നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ നെറ്റ് സീറോ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ അവതരണം നടത്തി. 150 പേർ പരിപാടിയിൽ പങ്കെടുത്തു.
- ❖ കണ്ണൂർ ജില്ലയിൽ 2025 ജനുവരി മാസം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 20 ഊർജ്ജ ക്ലാസുകളിലായി 1100 പേരും കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്തിൽ 8 ക്ലാസുകളിലായി 530 പേരും പങ്കെടുത്തു. ജില്ലയിൽ നടന്ന ആകെ ഊർജ്ജ സംരക്ഷണ ക്ലാസ്സുകളുടെ എണ്ണം 1337, ആകെ പങ്കാളിത്തം - 31594
- ❖ കണ്ണൂർ ജില്ലയിൽ കേരളത്തിലെ ആദ്യത്തെ നെറ്റ് സീറോ കാർബൺ ക്യാമ്പസ് ആയി മലബാർ കാൻസർ സെന്ററിനെ മാറ്റിയെടുക്കുന്നതിനുള്ള പദ്ധതികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്ററുടെ അധ്യക്ഷതയിൽ കോടിയേരി മലബാർ കാൻസർ സെന്ററിൽ വെച്ച് പുരോഗതി അവലോകനയോഗം ചേർന്നു. ജല സംരക്ഷണം, വായു സംരക്ഷണം, പ്രകൃതി സൗഹാർദ്ദമായ ഇടങ്ങൾ, ഹരിത പെരുമാറ്റ ചട്ടം, ദ്രവമാലിന്യ പരിപാലനം, ഇലക്ട്രോണിക് വേസ്റ്റ്, മെഡിക്കൽ മാലിന്യം, സാനിറ്ററി മാലിന്യം തുടങ്ങിയ മേഖലകളിലാണ് ശ്രദ്ധ കേന്ദ്രികരിക്കുന്നത്. മലബാർ കാൻസർ സെന്ററിൽ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ അന്തരീക്ഷം ഉണ്ടാക്കി എടുക്കുക, ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണം ജൈവ - അജൈവ - ദ്രവ മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഹരിത ഓഡിറ്റ് ഇതിനോടകം നടത്തിയിട്ടുണ്ട്. നവകേരളം കർമ പദ്ധതി ഉദ്യോഗസ്ഥർ, മലബാർ കാൻസർ സെന്റർ ഡയരക്ടർ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ, ശുചിത്വ മിഷൻ ആർ പി, MCC ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.
- ❖ കാസർഗോഡ് ജില്ലയിൽ ജില്ലാ കോർഗ്രൂപ്പ് യോഗം ചേർന്നു പ്രവർത്തനങ്ങൾ വിലയിരുത്തി. 15 പേർ പങ്കെടുത്തു. യോഗത്തിൽ ജില്ലാതല ശിൽപശാല സംഘടിപ്പിക്കാൻ തീരുമാനിക്കുകയും നെറ്റ് സീറോ കാർബൺ സാധ്യതയുള്ള സ്ഥാപനയൂണിറ്റുകൾ പട്ടികപ്പെടുത്തുകയും ചെയ്തു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 21 | 107 | 127 | 459 | 693 | 2 | 197 | 31 | 1785 | 232 | 93 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 7 | 7 | 27 | 23 | 57 | 0 | 0 | 0 | 0 | 37 | 40 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച്

സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 ജനുവരി മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 6,528.7 | 604 | 511 | 944 | 3,345 | 104 | 16,111 |
| കൊല്ലം | 4,560.2 | 204 | 464 | 708 | 3,522 | 8 | 15,576 |
| പത്തനംതിട്ട | 1,703.2 | 192 | 206 | 584 | 931 | 29 | 4,258 |
| ആലപ്പുഴ | 1,753.9 | 79 | 47 | 209 | 327 | 18 | 2,479 |
| കോട്ടയം | 1,479.2 | 61 | 257 | 453 | 598 | 18 | 1,928 |
| ഇടുക്കി | 1,720.8 | 214 | 274 | 289 | 319 | 60 | 1,501 |
| എറണാകുളം | 2,936.5 | 179 | 296 | 838 | 523 | 22 | 0 |
| തൃശ്ശൂർ | 1,905.9 | 149 | 140 | 409 | 1,040 | 12 | 45 |
| പാലക്കാട് | 7,407.1 | 750 | 900 | 657 | 1,558 | 16 | 12,580 |
| മലപ്പുറം | 1,596.4 | 374 | 487 | 229 | 1,945 | 149 | 1,101 |
| കോഴിക്കോട് | 1,961.7 | 206 | 174 | 409 | 1,037 | 45 | 299 |
| വയനാട് | 1,988.8 | 86 | 761 | 131 | 369 | 94 | 1,836 |
| കണ്ണൂർ | 2,864.5 | 548 | 542 | 2,834 | 1,574 | 113 | 10,905 |
| കാസർഗോഡ് | 1,800.8 | 159 | 449 | 869 | 1,377 | 73 | 2,651 |
| ആകെ | 40,207.7 | 3,805 | 5,508 | 9,563 | 18,465 | 761 | 71,270 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ജനുവരി മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 40,207.7 കിലോമീറ്റർ നീർച്ചാലുകളും 3,805 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 85,943.7 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5,508 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 7761 സ്ഥിരം തടയണകളും 71,270 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9,563 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും, 18,465 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3,522 എണ്ണം), തിരുവനന്തപുരം (3,345 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2,834).

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ജനുവരി മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 1,812.113 കിലോമീറ്റർ നീർച്ചാലുകളും 46 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 74 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജനുവരി മാസത്തിൽ 125 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 192 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 31 സ്ഥിരം തടയണകളും 1,639 താൽക്കാലിക തടയണകളും നിർമ്മിച്ചു.

❖ പത്തനംതിട്ട ജില്ലയിൽ 87 നീർച്ചാലുകൾ 61.52 കി.മീ വിസ്തൃതിയിൽ പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം 3 കുളങ്ങൾ, 14 കിണറുകൾ, 61 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചു. തൻ

മാസം 13 കിണറുകൾ റീചാർജ്ജ് ചെയ്തു.

- ❖ ആലപ്പുഴ ജില്ലയിൽ വയലാർ, ചമ്പക്കുളം തകഴി, തലവടി, നെടുമുടി, ആല, കാർത്തികപ്പള്ളി, കുമാരപുരം, ചുനക്കര പാലമേൽ, വള്ളികുന്നം എന്നിവിടങ്ങളിലായി 43.36 കി.മീ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. പാലമേൽ, ചുനക്കര, എന്നിവിടങ്ങളിലായി കിണർ റീചാർജിങ് നടന്നിട്ടുണ്ട്. പാണ്ടനാട്, പാലമേൽ, ചെറിയനാട് എന്നിവിടങ്ങളിലായി 20 കിണറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ "ജല സുരക്ഷ ജീവ സുരക്ഷ" ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കില, ഹരിത കേരളം മിഷൻ എന്നിവരുടെ നേതൃത്വത്തിൽ മുപ്പത്തടം ഹയർസെക്കൻഡറി സ്കൂൾ NSS വിദ്യാർത്ഥികൾക്ക് ജല സുരക്ഷ ക്ലാസ്സ് നൽകി.
- ❖ തൃശ്ശൂർ ജില്ലയിൽ ജനുവരി മാസത്തിൽ 91 നീർച്ചാലുകൾ 26.714 കി.മീ ആകെ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം 1 കുളവും, 9 കിണറുകളും നിർമ്മിക്കുകയും 13 കിണറുകൾ റീചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ 18.84 കി.മീ നീളത്തിൽ 16 നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുകയും 6 കുളങ്ങൾ നിർമ്മിക്കുകയും 9 കിണറുകൾ റീചാർജ്ജ് ചെയ്യുകയും 7 പുതിയ കിണറുകളും 2 സ്ഥിരം തടയണകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപ്പെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 248 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 342 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ജനുവരി മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് | | |
|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 73 | 9 |
| കൊല്ലം | 52 | 32 |
| പത്തനംതിട്ട | 17 | 12 |
| ആലപ്പുഴ | 16 | 8 |
| കോട്ടയം | 71 | 9 |
| ഇടുക്കി | 29 | 13 |
| എറണാകുളം | 37 | 15 |
| തൃശ്ശൂർ | 35 | 18 |
| പാലക്കാട് | 49 | 30 |
| മലപ്പുറം | 94 | 16 |
| കോഴിക്കോട് | 77 | 73 |
| വയനാട് | 26 | 26 |
| കണ്ണൂർ | 43 | 43 |
| കാസർഗോഡ് | 41 | 38 |
| ആകെ | 660 | 342 |

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട് 2025 ജനുവരി മാസം പ്രസിദ്ധീകരിച്ചു. നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ 318 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 660

ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് തയ്യാറാകും. കേരളത്തിലെ 63.83% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് ആകും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

നിലവിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- ❖ കൊല്ലം ജില്ലയിൽ സെമിക്രറ്റിക്കൽ ബ്ലോക്കായ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലെ ജല ബഡ്ജറ്റിന്റ കരട് റിപ്പോർട്ട് തയ്യാറാക്കൽ പൂർത്തീകരിച്ചു.
- ❖ കൊല്ലം ജില്ലയിൽ മുഖത്തല ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകൾക്ക് പുറമേ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 8 തദ്ദേശ സ്ഥാപനങ്ങളിലും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ ജനുവരി മാസം വാഴൂർ ബ്ലോക്കിന്റെ കരട് റിപ്പോർട്ട് പൂർത്തീകരിച്ചു. ജല ബഡ്ജറ്റിന്റ ഭാഗമായി ഉഴവൂർ പഞ്ചാത്തിൽ ഡാറ്റാ കളക്ഷൻ നടത്തി.
- ❖ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളുടെ ജല ബജറ്റ് അവതരണങ്ങൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം അവസാന ഘട്ടത്തിലാണ്.
- ❖ പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിലെ ജലബജറ്റ് ഫെബ്രുവരി മാസത്തിൽ പ്രകാശനം ചെയ്യും. മലമ്പുഴ നെന്മാറ ബ്ലോക്കിലെ വിവരശേഖരണം പൂർത്തിയാക്കി.
- ❖ മലപ്പുറം പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ ജല ബജറ്റ് തവനൂർ MLA പ്രകാശനം ചെയ്തു. ഇതോടൊപ്പം റിപ്പോർട്ട് മാസം പെരുമ്പടപ്പ് ജലബജറ്റ് അവതരണം പൊന്നാനി MLA നിവഹിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ പയ്യോളി നഗരസഭയിൽ ജലബജറ്റ് പ്രകാശനം എം. പി ഷാഫി പറമ്പിൽ നിർവഹിച്ചു. ഇതോടൊപ്പം വില്ല്യാപ്പള്ളി, കായണ്ണ എന്നി ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പ്രകാശനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ജനുവരി മാസം മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജലബജറ്റ് പ്രകാശനം ചെയ്തു.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 12 | 44 | 72 | 163 | 279 | 1 | 76 | 0 | 0 | 89 | 50 |

- ❖ കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളും, അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നീലേശ്വരം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികളിൽ പൊതുകുളം നവീകരണം നടന്നു വരുന്നു. അമൃത് പദ്ധതിയിൽ നീലേശ്വരത്ത് പാലായി കുളം (25 ലക്ഷം), നാരാകുളങ്ങരകുളം (24 ലക്ഷം), മന്നൻപുറം കുളം (31 ലക്ഷം) എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ താമരക്കുളം (31 ലക്ഷം), കാസറഗോഡ് മുനിസിപ്പാലിറ്റിയിലെ കൊറക്കോട് കുളം (17 ലക്ഷം), എരുമനക്കുളം (10.5 ലക്ഷം), എൻമകജെ

കാവുഗോളിത്തോടിന് കുറുകെ അടുക്കസ്ഥലബാരെയിൽ വിസിബി നിർമ്മാണം പ്രവർത്തനപുരോഗതിയിലാണ്. ചെറുകിട ജലസേചനവകുപ്പ് മുഖേന ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ കൊയോങ്കരയിൽ നിർമ്മിച്ച ആലപ്പള്ളി കുളം (52 ലക്ഷം) പൂർത്തിയായിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ കടയങ്കുളം (50 ലക്ഷം) പ്രവർത്തി പുരോഗതിയിലാണ്.

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ജനുവരി മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 2 | 385.09 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 11.30 | 96.73 |
| കോട്ടയം | 32 | 32 | 32 | 32 | 0 | 0 | 68.90 |
| ഇടുക്കി | 49 | 36 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 17 | 16 | 74 | 566.37 |
| പാലക്കാട് | 51 | 51 | 51 | 41 | 41 | 198.36 | 1372.19 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0 | 3.65 |
| വയനാട് | 26 | 26 | 26 | 22 | 26 | 0 | 77.40 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 8 | 171.90 |
| ആകെ | 230 | 217 | 207 | 158 | 114 | 293.66 | 2742.23 |

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 217 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 114 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ

ഭാഗമായി ജനുവരി മാസത്തിൽ 293.66 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 114 ഗ്രാമപഞ്ചായത്തുകളിലായി 2742.23 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- ❖ പാലക്കാട് (198.36 കി.മീ), എറണാകുളം (74 കി.മീ), പത്തനംതിട്ട (11.3 കി.മീ), കണ്ണൂർ (8 കി.മീ), കൊല്ലം (2 കി.മീ) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ജനുവരി മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 385.086 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ മാപ്പത്തോൺ രണ്ടാം ഘട്ടം പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത്തല അവതരണം 41 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. ജില്ലയിൽ നാളിതുവരെ 41 ഗ്രാമപഞ്ചായത്തുകളിലായി 1372.19 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| മാപ്പത്തോൺ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 1 | 2 | 3 | 4 | 9 | 0 | 0 | 0 | 0 | 12 | 2 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 362 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 354 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 50301 നീരുറവു പ്രവർത്തനങ്ങളിൽ 46648 പ്രവർത്തനങ്ങൾ (92.74 %) പൂർത്തീകരിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ ജനുവരി മാസത്തെ നീരുറവ് പ്രവർത്തനങ്ങളുടെ ഭാഗമായി 961.2 കി.മീ നീർച്ചാലും, 4 കുളവും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം 8 കുളങ്ങൾ, 39 കിണറുകൾ, 478 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 21533 പ്രവൃത്തികൾ ജനുവരി മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 556 പ്രവൃത്തികളാണ് ജനുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ❖ പത്തനംതിട്ട ജില്ലയിൽ 27.5 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. ജനുവരി മാസത്തിൽ ഒരു കിണർ, ഒരു കുളവും, 35 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

| നീരുറവ് പ്രവർത്തന പുരോഗതി - ജനുവരി മാസം | | | | |
|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 2312 | 1756 | 75.95% |
| കൊല്ലം | 12 | 21533 | 21533 | 100.00% |
| പത്തനംതിട്ട | 47 | 1867 | 822 | 44.03% |
| ആലപ്പുഴ | 8 | 511 | 268 | 52.45% |
| കോട്ടയം | 36 | 4932 | 4932 | 100.00% |
| ഇടുക്കി | 47 | 1272 | 1185 | 93.16% |
| എറണാകുളം | 34 | 3392 | 2334 | 68.81% |
| തൃശ്ശൂർ | 8 | 124 | 116 | 93.55% |
| പാലക്കാട് | 69 | 9252 | 9252 | 100.00% |
| മലപ്പുറം | 7 | 497 | 497 | 100.00% |
| കോഴിക്കോട് | 24 | 1127 | 522 | 46.32% |
| വയനാട് | 26 | 675 | 673 | 99.70% |
| കണ്ണൂർ | 23 | 2257 | 2257 | 100.00% |
| കാസർഗോഡ് | 5 | 550 | 501 | 91.09% |
| ആകെ | 354 | 50301 | 46648 | 92.74% |

- ❖ കോട്ടയം ജില്ലയിൽ മാപത്തോൺ നടന്ന ഗ്രാമപഞ്ചായത്തും ജലബജറ്റ് ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചതുമായ 36 ഗ്രാമപഞ്ചായത്തുകളിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 5099 പ്രവൃത്തികൾ ജനുവരി മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 1370 പ്രവൃത്തികളാണ് ജനുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ❖ പാലക്കാട് ജില്ലയിൽ ജനുവരി മാസത്തെ നീരുറവ് പ്രവർത്തനങ്ങളുടെ ഭാഗമായി 300.984 കി.മി നീർച്ചാലും, 8 കുളവും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം 10 കുളങ്ങൾ, 39 കിണറുകൾ നിർമിക്കുകയും ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ നീരുറവ് പദ്ധതിയുമായി ബന്ധപ്പെട്ട് 144 കിമീ നീർച്ചാലും, 6 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 6 കുളങ്ങളും, 11 കിണറുകളും, 1 സ്ഥിരം തടയണയും 160 താൽക്കാലിക തടയണയും നിർമിക്കുകയും, 22 കിണറുകൾ റീച്ചാർജ് ചെയ്യുകയും ചെയ്തു.

| നീരുറവ് - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 11 | 44 | 43 | 300 | 387 | 1 | 120 | 0 | 0 | 90 | 9 |

- ❖ കാസർഗോഡ് ജില്ലയിൽ 3 ഗ്രാമപഞ്ചായത്തുക ളിൽ ഓരോ നീർച്ചാലുകൾ യഥാക്രമം ഉദുമ (0.3 കി.മീ) മടിക്കൈ (1 കി.മീ), പള്ളിക്കര (0.5 കി.മീ) നീളത്തിൽ പുനരുജ്ജീവനം പ്രവർത്തനം നടത്തി. ഉദുമ ഗ്രാമപഞ്ചായത്തിൽ 2 പുതിയ കിണറുകൾ നിർമ്മിച്ചു. മടിക്കൈയിൽ ഗ്രാമപഞ്ചായത്തിൽ ഒരു കിണർ റീചാർജ്ജിംഗും നടത്തി.

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ

സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 126 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 193 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 31,585 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ഡിസംബർ വരെ | ജനുവരി | ആകെ |
| തിരുവനന്തപുരം | 13 | 1592 | 0 | 1592 |
| കൊല്ലം | 11 | 1256 | 3 | 1259 |
| പത്തനംതിട്ട | 21 | 124 | 0 | 124 |
| ആലപ്പുഴ | 28 | 909 | 2 | 911 |
| കോട്ടയം | 29 | 1018 | 191 | 1209 |
| ഇടുക്കി | 35 | 2516 | 3 | 2519 |
| എറണാകുളം | 54 | 192 | 214 | 406 |
| തൃശ്ശൂർ | 54 | 18243 | 84 | 18327 |
| പാലക്കാട് | 12 | 220 | 1 | 221 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2101 | 0 | 2,101 |
| വയനാട് | | | | |
| കണ്ണൂർ | 21 | 1778 | 43 | 1821 |
| കാസർഗോഡ് | 12 | 1088 | 7 | 1095 |
| ആകെ | 319 | 31037 | 548 | 31585 |

- ❖ ഇടുക്കി ജില്ലയിൽ ലാബിലേക്കുള്ള കിറ്റുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പ്രൊജക്റ്റ് വെക്കുന്നതിനു ഇടപെടൽ നടത്തിയിട്ടുണ്ട്. നിലവിൽ 7 ഗ്രാമപഞ്ചായത്തുകളിൽ ലാബിലേക്കുള്ള കിറ്റുകൾ തനതു ഫണ്ടിൽ നിന്നും വാങ്ങുതിനുള്ള നടപടികൾ സ്വീകരിച്ചു.
- ❖ എറണാകുളം ജില്ലയിൽ 12 ഗ്രാമപഞ്ചായത്തിലും 2 മുൻസിപ്പാലിറ്റിയിലും ജലഗുണനിലവാര നിർണ്ണയ ലാബുകളുടെയും ഉദ്ഘാടനം അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ജല ഗുണത പരിശോധന ലാബുകളിലേക്ക് കിറ്റുകൾ വാങ്ങുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുള്ള 34 സ്കൂളുകളിലേക്കുള്ള രണ്ടാം ഘട്ട കിറ്റുകളുടെ വിതരണം പൂർത്തിയായി.
- ❖ തൃശ്ശൂർ ജില്ലയിൽ സ്കൂളുകളിൽ NSS സമ്മർ ക്യാമ്പ് സംഘടിപ്പിക്കുമ്പോൾ കിറ്റുകൾ ലഭ്യമാക്കിയ സ്കൂളുകളിൽ ജലഗുണ പരിശോധന ക്യാമ്പുകൾ കൂടി സംഘടിപ്പിക്കുന്നതിന് എൻഎസ്എസ് സംസ്ഥാന കോർഡിനേറ്റർക്കും ജില്ല കോർഡിനേറ്റർക്കും നിർദ്ദേശം നൽകി.
- ❖ പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് കെമിക്കലുകൾ ലഭ്യമാക്കി.
- ❖ പാലക്കാട് ജില്ലയിൽ ലാബ് സ്ഥാപിച്ച സ്കൂൾ പ്രതിനിധികളുടെയും വിദ്യാകിരണം ജില്ലാ കോർഡിനേറ്ററുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത യോഗം ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- ❖ 2019 ജൂൺ മുതൽ 2025 ജനുവരി വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1169.86 ഏക്കർ ആകെ വിസ്തൃതിയിൽ 3648 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.36 ഏക്കർ ആകെ വിസ്തൃതിയിൽ 234 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (243.35 ഏക്കർ ആകെ വിസ്തൃതിയിൽ 820 പച്ചതുരുത്തുകൾ).

| പച്ചത്തുരുത്ത് | | | |
|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ഡിസംബർ വരെ | ജനുവരി | ആകെ |
| എണ്ണം | 3600 | 48 | 3648 |
| വിസ്തൃതി (ഏക്കർ) | 1128.93 | 40.92 | 1169.86 |

- ❖ 2025 ജനുവരി മാസത്തിൽ മാത്രം സംസ്ഥാനത്തു 40.92 ഏക്കർ ആകെ വിസ്തൃതിയിൽ 48 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ഡിസംബർ വരെ | | 2025 ജനുവരി മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2025 ജനുവരി വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 509 | 63.29 | 2 | 0.73 | 511 | 64.02 |
| കൊല്ലം | 286 | 76.11 | 0 | 0 | 286 | 76.11 |
| പത്തനംതിട്ട | 188 | 34.56 | 1 | 0.1 | 189 | 34.66 |
| ആലപ്പുഴ | 100 | 22.40 | 1 | 0.05 | 101 | 22.45 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 83 | 28.04 | 2 | 8 | 85 | 36.04 |
| എറണാകുളം | 150 | 21.34 | 1 | 0.01 | 151 | 21.35 |
| തൃശ്ശൂർ | 208 | 42.00 | 4 | 2.92 | 212 | 44.92 |
| പാലക്കാട് | 338 | 127.45 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | 0 | 0 | 225 | 52.02 |
| വയനാട് | 71 | 23.36 | 0 | 0 | 71 | 23.36 |
| കണ്ണൂർ | 205 | 312.21 | 29 | 3.15 | 234 | 315.36 |
| കാസർഗോഡ് | 812 | 217.39 | 8 | 25.96 | 820 | 243.35 |
| ആകെ | 3600 | 1128.94 | 48 | 40.92 | 3648 | 1169.86 |

- ❖ ജനുവരി മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയും (3.15 ഏക്കർ ആകെ വിസ്തൃതിയിൽ 29 പച്ചത്തുരുത്തുകൾ) വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയുമാണ് (25.96 ഏക്കർ ആകെ വിസ്തൃതിയിൽ 8 പച്ചത്തുരുത്ത്). ഇത് കൂടാതെ ഇടുക്കി ജില്ലയിൽ 8 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തുകളും, തൃശ്ശൂർ ജില്ലയിൽ 2.92 ഏക്കർ ആകെ വിസ്തൃതിയിൽ 4 പച്ചത്തുരുത്തുകളും, തിരുവനന്തപുരം ജില്ലയിൽ 0.73 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തുകളും, പത്തനംതിട്ട ജില്ലയിൽ 0.1 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, ആലപ്പുഴ ജില്ലയിൽ 0.05 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, എറണാകുളം ജില്ലയിൽ 0.01 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും ജനുവരി മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനുവരി മാസത്തിൽ 38 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 9

പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 1227 തൈകൾ ആവശ്യമായി വന്നു.

- ❖ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാപ്പിക്കാട് വാർഡിൽ ഫ്രീഡാ ഗേളി എന്ന വ്യക്തി പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിൽ ഗ്രാമപഞ്ചായത്തുമായി കരാർ വയ്ക്കുകയും ചെയ്തു. തന്റെ 58 സെന്റ് സ്ഥലത്തിൽ പച്ചത്തുരുത്ത് സ്ഥാപിക്കുകയും ചെയ്തു.
- ❖ പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ കേന്ദ്രീയ വിദ്യാലയത്തിൽ 10 സെന്റ് സ്ഥലത്ത് പച്ചത്തുരുത്ത് ആരംഭിച്ചു.
- ❖ ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിൽ 5 സെന്റ് സ്ഥലത്ത് പച്ചത്തുരുത്ത് ഉത്ഘാടനം ചെയ്തു. പരിപാടിയിൽ കുട്ടികളും, തൊഴിലുറപ്പ് ഉദ്യോഗസ്ഥരും, തൊഴിലുറപ്പ് തൊഴിലാളികളും, ഗ്രാമപഞ്ചായത്തിലെ മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു. നിലവിൽ 14 തൈകൾ നട്ടിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ 8 ഏക്കർ വിസ്തൃതിയിൽ 2 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതോടൊപ്പം തൻ മാസം 8 പച്ചത്തുരുത്തുകളിൽ റീവിസ്റ്റ് നടത്തിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ കത്രിക്കടവ് കൊട്ടക്കനാൽ റോഡിൽ പാലത്തിന് സമീപം മാലിന്യ കൂമ്പാരം ആയിരുന്ന സ്ഥലത്ത് ഒരു സെന്റ് വിസ്തൃതിയിൽ പച്ചത്തുരുത്ത് സ്ഥാപിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നഗരസഭയിലുള്ള KSRTC സബ് ഡിപ്പോ കോമ്പൗണ്ടിലെ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം കൊടുങ്ങല്ലൂർ MLA നിർവ്വഹിച്ചു. നൂറ്റിയമ്പതോളം മാവിൻ തൈകൾ ഒരു ഏക്കർ സ്ഥലത്ത് നട്ടുകൊണ്ടാണ് പച്ചത്തുരുത്ത് നിർമിച്ചത്.
- ❖ തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ നഗരസഭ KSRTC ബസ് സ്റ്റാൻഡിൽ 10 സെന്റ് വിസ്തൃതിയിൽ പച്ചത്തുരുത്ത് ജനുവരി മാസം ആരംഭിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ഗവൺമെന്റ് വികടോറിയ കോളേജിലെ 3 NSS യൂണിറ്റുകൾ ശേഖരിച്ച 1000 കരിമ്പന വിത്തുകൾ സൂക്ഷിച്ച് നേഴ്സറിയാക്കി ജൂൺ 5 അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിൽ നടുന്നതിനു കുന്നന്നൂർ, കോങ്ങാട്, അനങ്ങനടി ഫാമുകൾക്ക് ഫെബ്രുവരി 13 നു കൈമാറും.
- ❖ കാസർഗോഡ് ജില്ലയിൽ ജനുവരി മാസം 2546 സെന്റ് വിസ്തതൃതിയിൽ 8 പുതിയ പച്ചത്തുരുത്തുകൾ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന 2 പച്ചത്തുരുത്തുകളുടെ വിസ്തൃതി 50 സെന്റ് കൂടിയിട്ടുണ്ട്. ഇതോടൊപ്പം ഈ മാസം 9 പച്ചത്തുരുത്തുകൾ റീവിസ്റ്റ് നടത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 38 | 102 | 127 | 285 | 514 | 0 | 0 | 0 | 0 | 205 | 1048 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ജനുവരി മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1114 ഹരിത

സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (297), തിരുവനന്തപുരം (247), കാസർഗോഡ് (163), കണ്ണൂർ (125), പത്തനംതിട്ട (60), കൊല്ലം (59), വയനാട് (90) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2422 | 1114 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ കിളിമാനൂർ പഞ്ചായത്ത് സമ്പൂർണ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം നടത്തി.
- ❖ എറണാകുളം ജില്ലയിൽ മുളവുകാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 4-ൽ ഹരിത സമൃതി വാർഡ് പ്രവർത്തനം ആരംഭിച്ചു. നിലവിൽ ചീര, വെണ്ട, തക്കാളി, മുളക്, പയർ, വഴുതന എന്നിങ്ങനെയാണ് നട്ടിട്ടുള്ളത്.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 8 വാർഡുകളിലായി മൂന്നര ഏക്കർ സ്ഥലം തരിശ് കിടന്നത് ഏറ്റെടുത്ത് കൃഷി ഇറക്കി. കൃഷിയുടെ വിളവെടുപ്പ് / വിൽപ്പന നഗരസഭ ചെയർമാൻ ഉദ്ഘാനം ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനവും ആദ്യഘട്ട വിളവെടുപ്പും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ജനുവരി മാസത്തിൽ 85 വാർഡുകളിൽ 100 % വീടുകളിലും തൈകൾ, വിത്തുകൾ എന്നിവ വിതരണം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ ഹരിത കൃഷി സമൃദ്ധി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന പരിപാടിയുടെ സംഘാടക സമിതി യോഗം തൃത്താലയിൽ 2025 ജനുവരി 5 നു തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്തു.

| തരിശുരഹിതഗ്രാമം/ഹരിതസമൃദ്ധിവാർഡുകൾ/ തെങ്ങിന് തടം മണ്ണിന് ജലം മേഖലയിലെ ഇടപെടലുകൾ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 30 | 82 | 91 | 178 | 351 | 0 | 0 | 0 | 0 | 130 | 93 |

- ❖ തിരുവനന്തപുരം ജില്ലയിൽ മണമ്പൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങിനുതടം മണ്ണിനു ജലം ക്യാമ്പയിൻ ഉദ്ഘാടനം ഗ്രാമപഞ്ചായത് പ്രസിഡന്റ് നിർവ്വഹിച്ചു. ഇതോടൊപ്പം കാരോട് ഗ്രാമപഞ്ചായത്തിൽ കുഴിഞ്ഞാൻവിള വാർഡിൽ തെങ്ങിന് തടം മണ്ണിന് ക്യാമ്പയിൻ ഉദ്ഘാടനം വാർഡ് മെമ്പർ ഉദ്ഘാടനം നിർവഹിച്ചു.

## 9. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്തു നടന്നു വരുന്നു. മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ ജനുവരി മാസത്തിൽ നടന്നിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത

പ്രഖ്യാപനങ്ങൾ എന്നിവ നടന്നു വരുന്നു.

| മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തത് | പ്രഖ്യാപനം നടത്തിയത് | | | ശതമാനം |
| | | ഡിസംബർ വരെ | ജനുവരി | ആകെ | |
| ടൗൺ | 2621 | 785 | 506 | 1291 | 49.26% |
| മാർക്കറ്റ് / പൊതുസ്ഥലം | 3070 | 722 | 1148 | 1870 | 60.91% |
| അയൽക്കൂട്ടങ്ങൾ | 303643 | 169238 | 53356 | 222594 | 73.31% |
| ഹരിത വിദ്യാലയങ്ങൾ | 14536 | 10816 | 2002 | 12818 | 88. 18% |
| ഹരിത കലാലയങ്ങൾ | 1421 | 767 | 296 | 1063 | 74.81% |
| ഹരിതസ്ഥാപനങ്ങൾ | 56211 | 23856 | 30736 | 41552 | 73.92% |
| ഹരിത ടൂറിസം | 431 | 66 | 40 | 106 | 24.59% |

- മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവമാണ് ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത സ്ഥാപനം എന്നിവ പ്രഖ്യാപിക്കുന്നതിനുള്ള തടസ്സം. ഹരിത വിദ്യാലയം, ഹരിത കലാലയം ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങളിലെ ഗ്യാപ് പരിഹരിക്കുന്നതിന് ജോയിന്റ് ഡയറക്ടർ മുഖേന തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ പ്രോജക്റ്റ് പ്രകാരം മാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കി ഗ്യാപ് പരിഹരിച്ച് ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ ഉഴമലയ്ക്കൽ, ആര്യനാട്, കുറ്റിച്ചൽ, കിളിമാനൂർ, കരവാരം, പള്ളിക്കൽ, കിഴുവിലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹരിത സ്ഥാപനം, ഹരിത വിദ്യാലയം, ഹരിത കലാലയം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.
- കൊല്ലം ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ മൂന്നാംഘട്ടം ജില്ലാതല ഉദ്ഘാടനവും, പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ ഹരിത പ്രഖ്യാപനവും, സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ CSR ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച ടൗൺ സൗന്ദര്യവൽക്കരണത്തിന്റെ ഉദ്ഘാടനവും ജനുവരി 26-ന് നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ നിർവ്വഹിച്ചു.
- കൊല്ലം ജില്ലയിൽ ജനുവരി 1 മുതൽ 7 വരെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വലിച്ചെറിയൽ വിരുദ്ധവാരം സംഘടിപ്പിച്ചു. NSS കുട്ടികൾ ഉൾപ്പെടെയുള്ളവർ ക്യാമ്പയിനിൽ പങ്കെടുത്തു. ബോധവത്കരണത്തിന്റെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി. കടകമ്പോളങ്ങളിൽ വലിച്ചെറിയൽ വിരുദ്ധബോധവൽക്കരണ സന്ദേശം നൽകി.
- പത്തനംതിട്ട ജില്ലയിൽ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വലിച്ചെറിയൽ മുക്ത വാരാചരണവും സിഗ്നേച്ചർ ക്യാമ്പയിനും സംഘടിപ്പിച്ചു. പുറമറ്റം ഗ്രാമപഞ്ചായത്തിൽ ശുചിത്വ സന്ദേശ റാലി സംഘടിപ്പിച്ചു. കുന്നന്താനം ഗ്രാമപഞ്ചായത്തിൽ സെനറ്റ് മേരിസ് HS പാലയ്ക്കതകിടി സ്കൂളിൽ വലിച്ചറിയെൽ മുക്തം വാരത്തിന്റെ ഭാഗമായി സെമിനാർ നടത്തി. വലിച്ചെറിയൽ വിരുദ്ധ വാരാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഗ്രീൻ റൂട്ട് മാർച്ച് സംഘടിപ്പിച്ചു. പത്തനംതിട്ട നഗരസഭയിൽ വലിച്ചെറിയൽ മുക്ത ദിനത്തിന്റെ ഭാഗമായി ക്ലീൻ ഡ്രൈവ് പത്തനംതിട്ട മാർക്കറ്റ് ജംഗ്ഷനിൽ നടത്തി.
- പത്തനംതിട്ട ജില്ലയിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ സ്നേഹാരാമം മികച്ചരീതിയിൽ പരിപാലനം നടത്തിയ എംജിഎച്ച്എസ്എസ് NSS യൂണിറ്റിനെ ഗ്രാമപഞ്ചായത്ത് ആദരിച്ചു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു.
- ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ചെരുപ്പ്, ബാഗ്, ലതർ ഉല്പങ്ങളുടെ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തിന്റെ പതിമൂന്ന് വാർഡുകളിലായി പതിനഞ്ച് കേന്ദ്രങ്ങളിൽ നിന്നായി ഒന്നര ടൺ പാഴ് വസ്തുക്കൾ ശേഖരിച്ചു കൈമാറി.
- ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ ഉയോഗ പരിശീലനത്തിന് തുടക്കം കുറിച്ചു. പന്ത്രണ്ടാം വാർഡിൽ സംഘടിപ്പിച്ച പരിശീലനത്തിൽ ഹരിത സഹായ സ്ഥാപനമായ തുരുത്തിക്കര സയൻസ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ, ഹരിത കേരളം മിഷൻ RP എന്നിവർ നേതൃത്വം നൽകി. ഹരിത സഭയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച

സ്കൂളുകൾക്ക് മൊമെന്റോ നൽകി.

❖ ആലപ്പുഴ ജില്ലയിൽ കുട്ടികളിൽ മാലിന്യ സംസ്ക്കരണം ശീലമാകുന്നതിനും, ഭക്ഷണം പാഴാക്കാതിരിക്കുന്നതിനും, ഭക്ഷണ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സാംസ്ക്കരിക്കുന്നതിനും, ജൈവ മാലിന്യ ഉപാധിയെ പരിചയപ്പെടുത്തുന്നതിനും വേണ്ടി "എന്റെ പാത്രം നിന്റെ കണ്ണാടി" എന്ന ക്യാമ്പയിൻ നടത്തി. സ്കൂൾ പ്രിൻസിപ്പൽ, പഞ്ചായത്തിലെ HI, ഹരിത കേരളം മിഷൻ RP കുട്ടികൾക്ക് ക്ലാസ്സ് നൽകുകയും ചെയ്തു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സ്കൂളിൽ പോസ്റ്റർ മേക്കിങ് കോമ്പറ്റിഷൻ, ക്വിസ്, റാലി, ഹരിത കർമ്മ സേനയെ ആദരിക്കൽ, കുട്ടികളുടെ നേതൃത്വത്തിൽ പരുപാടി നടക്കുന്ന സ്ഥലങ്ങൾ, കവലകൾ, തൊഴിൽ ഉറപ്പ് എന്നിവിടങ്ങളിൽ മാലിന്യ സംസ്ക്കരണം വിഷയത്തിൽ സ്ട്രീറ്റ് പ്ലേ പോലുള്ള പ്രവർത്തങ്ങൾ നടത്തി ഡോക്യുമെന്റ് ചെയ്ത് പഞ്ചായത്തിൽ വീഡിയോ പ്രദർശനം നടത്തി.

❖ ഇടുക്കി ജില്ലാ തല പരിപാടി നടത്തുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ ജനുവരി 9-ന് ജില്ലാ കോഓർഡിനേറ്ററുടെ നേതൃത്വത്തിൽ പള്ളിവാസൽ പഞ്ചായത്ത് പ്രസിഡന്റുമായി യോഗം ചേർന്നു. ഈ യോഗത്തിന്റെ ഭാഗമായി ജനുവരി 10-ന് നടത്തിയ വികസന സെമിനാറിൽ ജില്ലാ കോഓർഡിനേറ്റർ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ അവലോകനം നടത്തി.

❖ എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഹരിത അംഗൻവാടികൾ, അയൽക്കൂട്ടങ്ങൾ പ്രഖ്യാപവും കല്ലൂർക്കാട്, മാറാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത വിദ്യാലയം ഹരിത സ്ഥാപനം പ്രഖ്യാപനവും ജനുവരി മാസം നടന്നു. ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ അയൽക്കൂട്ട പ്രഖ്യാപനം, മാലിന്യ രഹിത ഇടം, സമ്പൂർണ ഹരിത സ്ഥാപന പ്രഖ്യാപനം എന്നിവ MLA അഡ്വ. അനൂപ് ജെക്കബ് നിർവഹിച്ചു.

❖ എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത വിദ്യാലയം, സമ്പൂർണ്ണ ഹരിത അയൽക്കൂട്ടം, സമ്പൂർണ ഹരിത അംഗൻവാടി, ഹരിത ടൗൺ, ഹരിത സ്ഥാപനങ്ങൾ എന്നിവയുടെ ഹരിത പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.

❖ എറണാകുളം ജില്ലയിൽ മാലിന്യമുക്തം ജനകീയ ക്യാമ്പയിൻ നാലാം ഘട്ട പ്രവർത്തനങ്ങളുടെ ജില്ലാതല പ്രഖ്യാപനം ഫെബ്രുവരി 3-ന് മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചു ജില്ലാ കളക്ടർ നിർവഹിക്കും.

❖ എറണാകുളം ജില്ലയിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ വിലയിരുത്തൽ സർവ്വേയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. വലിച്ചെറിയൽ വിരുദ്ധവാരത്തിന്റെ സമാപനം കുറിച്ചുകൊണ്ട് മാറാടി ഗ്രാമപഞ്ചായത്ത് സന്ദേശ റാലി നടത്തി. കരുമാലൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡിൽ നടപ്പാക്കിയ ഹരിത സങ്കേതം പദ്ധതിയുടെ ഉദ്ഘാടനം നടന്നു. തിരുമാറാടി ഗ്രാമപഞ്ചായത്ത് മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ശുചിത്വ പദയാത്ര സംഘടിപ്പിച്ചു.

❖ എറണാകുളം ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ റെസിഡൻസ് അസോസിയേഷൻ പ്രധിനിധികളുമായുള്ള മീറ്റിംഗ് കാക്കനാട് സിവിൽ സ്റ്റേഷൻ നടന്നു.

❖ തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിലും പാഞ്ഞാൾ, മേലൂർ, ദേശമംഗലം, മുള്ളൂർക്കര, പുന്നയൂർ, വടക്കേക്കാട്, വേലൂർ, കൊടുങ്ങല്ലൂർ, പാവറട്ടി, അന്നമനട, മാള, വള്ളത്തോൾ നഗർ എന്നീ ഗ്രാമപഞ്ചായത്തുകളിലും മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

❖ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നഗരസഭയിൽ സ്വച്ഛ് സർവേക്ഷന്റെ ആഭിമുഖ്യത്തിൽ നഗരസഭ ഓഫീസ് അങ്കണത്തിൽ ആർ.ആർ.ആർ (റെഡ്യൂസ്, റിയൂസ്, റീസൈക്കിൾ) സെന്റർ പൊതുജനങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു. തുണിത്തരങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയ എല്ലാ വസ്തുക്കളും ആർ.ആർ.ആർ. സെന്ററിൽ നൽകാം ആവശ്യക്കാർക്ക് സൗജന്യമായി എടുക്കുകയും ചെയ്യാം.

❖ തൃശ്ശൂർ ജില്ലയിൽ മുരിയാട് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുചീകരണം നടത്തി. റോഡിന്റെ ഇരു സൈഡുകളിലും വലിച്ചെറിയപ്പെട്ട അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്തു

കൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. റോഡിന്റെ ഇരു സൈഡുകളിലുള്ള വീടുകളിലും, കടകളിലും ബോധവൽക്കരണ നടത്തി.

- പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ നഗരസഭ മാലിന്യമുക്ത നഗരസഭയായുള്ള പ്രഖ്യാപനവും മാലിന്യ സംസ്കരണ പഠനകേന്ദ്രവും എം.സി.എഫ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനവും ജനുവരി 26 നു ഷൊർണ്ണൂർ എം.സി.എഫ് കോമ്പൗണ്ടിൽ വെച്ച് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിച്ചു. നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഹരിത പട്ടണം പ്രഖ്യാപനവും പൊതു ശുചീകരണ തൊഴിലാളികളുടെ വിന്യാസവും ജനുവരി 26 നു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഹരിത വിദ്യാലയം ഹരിത അയൽക്കൂട്ടം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ജനുവരി 26 നു ആലത്തൂർ അലിയ മഹൽ ഓഡിറ്റോറിയത്തിൽ വെച്ച് വിദ്യുഛക്തി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത വിദ്യാലയങ്ങൾ, ഹരിത കാര്യാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത അംഗൻവാടികൾ, ഹരിത ടൗൺ എന്നിവയുടെ പ്രഖ്യാപനവും ഇവർക്കുള്ള സാക്ഷ്യ പത്രങ്ങളുടെ വിതരണവും പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പല്ലശ്ശന ഗ്രാമപഞ്ചായത്ത് തല ഹരിത പ്രഖ്യാപനങ്ങളുടെ പരിപാടി ജനുവരി 31 നു ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദ്ഘാടനം നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ എം.സി.എഫിലെ കൺവെയർ ബെൽട്ട്, സോർട്ടിങ്ങ് ടേബിൾ എന്നിവയുടെ ഉദ്ഘാടനം നടന്നു. കേരളശ്ശേരി പഞ്ചായത്തിൽ 8 സ്കൂളുകൾ, 1 കോളേജ് 7 ഓഫീസുകൾ, 20 അംഗൻവാടികൾ, 1 ഹരിത ടൗൺ, 184 ഹരിത അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഹരിത പ്രഖ്യാപനം എന്നിവ പഞ്ചായത്ത് പ്രസിഡന്റ് ജനുവരി 31 നു നിർവഹിച്ചു.
- പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം, മുതുതല, പട്ടിത്തറ, ആനക്കര, അയിലൂർ, മേലാർകോട്, നെന്മാറ, കണ്ണമ്പ്ര, ചിറ്റൂർ, മുണ്ടൂർ, കോങ്ങാട്, മണ്ണൂർ, കാവശ്ശേരി, പല്ലശ്ശന, കൊടുമ്പ്, പുതുപ്പരിയാരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹരിത പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റ് വിതരണവും ജനുവരി മാസം നടന്നു.
- പാലക്കാട് ജില്ലയിലെ പുതുക്കോട്, വടക്കഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത വിദ്യാലയങ്ങൾ, സമ്പൂർണ്ണ ഹരിത ഓഫീസുകൾ, സമ്പൂർണ്ണ ഹരിത അയൽക്കൂട്ടങ്ങൾ, സമ്പൂർണ്ണ അംഗൻവാടികൾ, ഹരിത ടൗൺ എന്നിവയുടെ പ്രഖ്യാപനവും ഹരിത സ്കൂൾ സാക്ഷ്യപത്ര വിതരണവും ജനുവരി മാസത്തിൽ നടന്നു.
- പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ നവക്കോട് പാതയോരം ശുചീകരണവും സ്നേഹാരാമം പുതിയ തൈകൾ വച്ചുപിടിപ്പിക്കുകയും 10 സ്ഥാപനങ്ങൾ ഹരിത സ്ഥാപനം ആയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജനുവരി 26 നു പ്രഖ്യാപിച്ചു.
- കോഴിക്കോട് ജില്ലയിൽ 21 ഇടങ്ങളിലാണ് ഹരിത പ്രഖ്യാപനങ്ങൾ ജനുവരി മാസം നടന്നത്. കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ നടന്ന ഹരിത പ്രഖ്യാപനം കുറ്റ്യാടി MLA കെ.പി.കുഞ്ഞമ്മദ് കുട്ടിമാസ്റ്ററും തൂണേരി ഗ്രാമപഞ്ചായത്തിലെ സമ്പൂർണ ഹരിത അയൽക്കൂട്ട പ്രഖ്യാപനം ഇ.കെ വിജയൻ MLA-യും നിർവ്വഹിച്ചു. മറ്റിടങ്ങളിൽ തദ്ദേശസ്ഥാപന അധ്യക്ഷർ പ്രഖ്യാപനം നടത്തി. ഫെബ്രുവരി പകുതിയോടെ സമ്പൂർണ പ്രഖ്യാപനങ്ങളിലേക്ക് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും എത്തിക്കാൻ സാധിക്കും.
- കോഴിക്കോട് ജില്ലയിൽ കുന്നുമ്മൽ ബ്ലോക്കിലെ 7 പഞ്ചായത്തിലും 100% ഹരിത സ്ഥാപനങ്ങളും ഹരിത വിദ്യാലയങ്ങളും ഹരിത കലാലയങ്ങളും ഹരിത അയൽക്കൂട്ടങ്ങളും ഹരിത ടൂറിസവും കൈവരിച്ചതിന്റെ പ്രഖ്യാപനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിർവ്വഹിച്ചു. ആകെ 309 സ്ഥാപനങ്ങളും, 89 വിദ്യാലയങ്ങളും 4 കലാലയങ്ങളും 1813 അയൽക്കൂട്ടങ്ങളും 2 ടൂറിസം കേന്ദ്രങ്ങളും ഹരിത പ്രഖ്യാപനം നടത്തി. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പിന്നിൽ നിൽക്കുന്ന ഇടങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തിയതിന്റെ ഭാഗമായി ജനുവരി 24ന് നടന്ന തദ്ദേശ വകുപ്പ് മന്ത്രിയുടെ അവലോകന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ നിർവ്വഹണ സമിതിയുടെ ആദരം മന്ത്രി നൽകി. കുന്നുമ്മലിൽ ബ്ലോക്ക് തല പ്രഖ്യാപന തുടർച്ചയായി എല്ലാ

സ്കൂളുകളിലും അസംബ്ലി വിളിച്ചുചേർത്ത് പ്രഖ്യാപനങ്ങളും അയൽക്കൂട്ടങ്ങളിൽ ഹരിത അയൽക്കൂട്ട സംഗമം ഹരിത ദീപം തെളിയിച്ചുകൊണ്ടും നടന്നു. 100% കൈവരിച്ച ബ്ലോക്ക് ടൗൺ, ഇനി ഞാനൊഴുകട്ടെ പ്രവർത്തനത്തിലേക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വരുന്നു.

- ❖ വയനാട് ജില്ലയിൽ പനമരം, തരിയോട്, മേപ്പാടി, കണിയാമ്പറ്റ, സുൽത്താൻ ബത്തേരി നഗരസഭ, നൂൽപ്പുഴ, തൊണ്ടർനാട്, എടവക, പുൽപ്പള്ളി, പൊഴുതന, കോട്ടത്തറ, തവിഞ്ഞാൽ, തവിഞ്ഞാൽ, നെന്മേനി, പൂതാടി, പടിഞ്ഞാറത്തറ, വെള്ളമുണ്ട, വൈത്തിരി, മൂപ്പയിനാട്, കല്പറ്റ നഗരസഭ, മാനന്തവാടി നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത ഓഫീസ്, ഹരിത വിദ്യാലയം, ഹരിത അയൽകൂട്ടം, ഹരിത ടൗൺ, ഹരിത കലാലയം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- ❖ വയനാട് ജില്ലയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത വിദ്യാലയം, സമ്പൂർണ ഹരിത സ്ഥാപനം, സമ്പൂർണ ഹരിത അയൽക്കൂട്ടം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.
- ❖ കണ്ണൂർ ജില്ലയിൽ മികച്ചു നിൽക്കുന്നതും വേറിട്ട മാതൃകകൾ സംഭാവന ചെയ്തതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആദരവ് നൽകി. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി. എൻ സീമ പരിപാടി ഉദ്ഘാടനം ചെയ്തു. ജനകീയ ക്യാമ്പയിൻ പ്രവർത്തന അവലോകനവും ഇതോടൊപ്പം നടന്നു.
- ❖ കണ്ണൂർ ജില്ലയിൽ ജനുവരി 21-ന് വേങ്ങാട് ഗ്രാമപഞ്ചായത്ത് ഹാളിൽ നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ പങ്കെടുത്തുകൊണ്ടുള്ള ഹരിത ധർമ്മടം അവലോകന യോഗം ചേർന്നു. നിലവിൽ ധർമ്മടം മണ്ഡലവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ മണ്ഡലം ഓഫീസ് പ്രതിനിധി വിശദീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിൽ മാതൃകാപരമായി ഒരുക്കിയ പാർക്കുകൾ ഹരിത കേരളം മിഷന്റെ സംസ്ഥന ടീം അംഗങ്ങൾ സന്ദർശിച്ചു. പരിസ്ഥിതി പുനസ്ഥാപനത്തിന് മാതൃകാ പ്രവർത്തനങ്ങൾ നടത്തിയ ഒരുമ റസ്ക്യു ടീം, ഗ്രീൻലീഫ് സൊസൈറ്റി, ഹരിത കർമ്മ സേന, ജബ്ബാർക്കടവ് പാർക്ക് സംരക്ഷണ സമിതി എന്നിവരെ ഡോ: ടി.എൻ. സീമ ആദരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ജില്ലാ നിർവ്വഹണസമിതി യോഗം 2025 ജനുവരി 18 ന് ജില്ല ആസൂത്രണ സമിതി ഹാളിൽ വെച്ച് ചേർന്നു. നവകേരളം കർമ്മപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി എൻ സീമ ആമുഖഭാഷണം നടത്തി.

### 9.1 ഹരിത സുന്ദര ടൗൺ, മാർക്കറ്റ് / പൊതുസ്ഥലം

- ❖ ജനുവരി മാസത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത എല്ലാ ടൗണുകളെയും മാലിന്യമുക്തമാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു. കൂടാതെ ഡിസംബർ മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത എല്ലാ പൊതുസ്ഥലം, മാർക്കറ്റ് എന്നിവ ശുചീകരിച്ച് ശുചിത്വ കേന്ദ്രമായി പ്രഖ്യാപിക്കും എന്നും ലക്ഷ്യം വച്ചിരുന്നു.
- ❖ ആകർഷകമായ രീതിയിൽ ചെടികൾ സ്ഥാപിച്ച് സൗന്ദര്യവത്കരണം നടത്തുകയും ശുചിത്വമുള്ളതായി നിലനിർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത മുഴുവൻ ടൗണുകളിലും നടന്നുവരുന്നു. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.
- ❖ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടൗൺ, പൊതു സ്ഥലങ്ങളും/ മാർക്കറ്റും എന്നിവയുടെ ലക്ഷ്യം വച്ചിട്ടുള്ള ടാർജറ്റിന്റെ എണ്ണം മാസംതോറും മാറി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സമിതികൾ സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ ടൗണുകൾ പൊതു സ്ഥലങ്ങൾ ഹരിത പ്രവർത്തനങ്ങൾക്കായി വ്യാപിപ്പിക്കുന്നതു കാരണമാണ് ടാർജറ്റ് മാറി വരുന്നത്.
- ❖ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ചെറുതും വലുതുമായ 2621 ടൗണുകളെ/കവലകളെ/പ്രദേശങ്ങളെ ശുചീകരിച്ച്, സൗന്ദര്യവൽക്കരിച്ച് ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ❖ ഇത് കൂടാതെ 3070 പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റുകളും ശുചീകരണ സൗന്ദര്യവൽക്കരണ

പ്രവർത്തനങ്ങൾ നടത്തി ഹരിതകേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. തിരഞ്ഞെടുത്ത എല്ലാ ടൗണുകൾ / കവലകൾ / പൊതു സ്ഥലങ്ങൾ / മാർക്കറ്റുകൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 86 | 12 | 110 | 22 |
| കൊല്ലം | 162 | 61 | 73 | 61 |
| പത്തനംതിട്ട | 70 | 36 | 63 | 29 |
| ആലപ്പുഴ | 78 | 35 | 83 | 27 |
| കോട്ടയം | 89 | 36 | 77 | 27 |
| ഇടുക്കി | 211 | 157 | 164 | 79 |
| എറണാകുളം | 337 | 168 | 426 | 284 |
| തൃശൂർ | 559 | 234 | 301 | 132 |
| പാലക്കാട് | 271 | 133 | 277 | 193 |
| മലപ്പുറം | 130 | 95 | 106 | 39 |
| കോഴിക്കോട് | 279 | 111 | 820 | 719 |
| വയനാട് | 72 | 33 | 140 | 58 |
| കണ്ണൂർ | 243 | 159 | 248 | 112 |
| കാസർഗോഡ് | 34 | 21 | 182 | 88 |
| TOTAL | 2621 | 1291 | 3070 | 1870 |

- ❖ നിലവിൽ 1291 ടൗണുകളെയും 1870 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി പ്രഖ്യാപനം നടത്താൻ ആവശ്യമായ മാർഗ്ഗരേഖയും അസ്സെസ്സ്മെന്റ് ഫോമും, സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.
- ❖ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ടൗണുകൾ മാലിന്യമുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥലത്തെ രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി തൊഴിലാളികൾ, യുവജനങ്ങൾ, ഗ്രന്ഥശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.
- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടൗണുകളെ തിരെഞ്ഞെടുത്തതും നിലവിൽ ഹരിത ടൗണുകളായി പ്രഖ്യാപിച്ചതും തൃശ്ശൂർ ജില്ലയിലാണ് (559 ടൗണുകളെ തിരഞ്ഞെടുത്തതിൽ 234 ടൗണുകളെ ജനുവരി മാസം വരെ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്).
- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും തിരെഞ്ഞെടുത്തതും നിലവിൽ ശുചിത്വ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും പ്രഖ്യാപിച്ചതും കോഴിക്കോട് ജില്ലയിലാണ് (തിരഞ്ഞെടുത്ത 820 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളിൽ 719 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളെ ജനുവരി മാസം വരെ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്).
- ❖ തിരുവനന്തപുരം ജില്ലയിൽ ജനുവരി മാസം വരെ 12 ടൗണുകളെയും 22 മാർക്കറ്റുകൾ/പൊതു സ്ഥലങ്ങൾ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ 36 ടൗണുകളെ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതും IEC ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഹരിത സുന്ദര ഗ്രാമമായി കടമ്മനിട്ട വിളംബരം ചെയ്തു.
- ❖ പത്തനംതിട്ട ജില്ലയിൽ ജനുവരി മാസം വരെ 29 മാർക്കറ്റുകൾ/ പൊതുസ്ഥലങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതും IEC ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- എറണാകുളം ജില്ലയിൽ കത്രിക്കടവ് കൊട്ടക്കനാൽ റോഡിൽ പാലത്തിന് സമീപം മാലിന്യ കൂമ്പാരം ആയിരുന്ന സ്ഥലത്തെ ഉദ്യാനവും സെൽഫി പോയിന്റും ആക്കി മാറ്റി ഹരിത വീഥി ഒരുക്കി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതിയുടെ ഉദ്ഘാടനം കൊച്ചി മേയർ ഉദ്ഘാടനം ചെയ്തു.
- എറണാകുളം ജില്ലയിൽ കൊച്ചി കോർപറേഷൻ ഡിവിഷൻ 36 കുന്നുംപുറം മഞ്ഞുമ്മൽ റോഡിലെ മുട്ടാർ പാലത്തിന് സമീപം വേസ്റ്റ് വലിച്ചെറിയപ്പെടുന്ന സ്ഥലം വേസ്റ്റ് മാറ്റി, ചെടികൾ വെച്ച് സെൽഫി പോയിന്റ് ഒരുക്കുന്നത് സംബന്ധിച്ച് ബന്ധപെട്ട ഇടപെടലുകൾ റിപ്പോർട്ട് മാസം നടത്തി.
- എറണാകുളം ജില്ലയിൽ 2025 ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽ വിരുദ്ധവാരം ആചരിക്കുന്നതിന്റെ ഭാഗമായി സിഗ്നേച്ചർ കളക്ഷൻ ക്യാമ്പയിൻ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിൽ സ്നേഹതീരവും നമ്പിക്കടവ് ബീച്ചുമുൾപ്പെടെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 40 ഭാഗങ്ങളിൽ മാലിന്യം ഇടാൻ തൊട്ടികൾ സ്ഥാപിച്ചു. കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ബയോ ബിൻ വിതരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിൽ വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട 12 ജംഗഷനുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- തൃശ്ശൂർ സിവിൽ സ്റ്റേഷൻ പരിസരത്തിന്റെ രണ്ടാംഘട്ട ശുചീകരണത്തിന്റെ ഉദ്ഘാടനം ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ IAS നിർവഹിച്ചു. സിവിൽ സ്റ്റേഷൻ പരിധിയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അയ്യൻകാളി തൊഴിലാളികളും കോർപ്പറേഷൻ പരിധിയിലെ ശുചീകരണ തൊഴിലാളികളും പങ്കെടുത്തു.
- തൃശ്ശൂർ ജില്ലയിൽ പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ 'ജോഗ്ഗിങ്ങിനൊപ്പം വേസ്റ്റ് എടുക്കുക' എന്ന പ്ലോഗിങ് ക്യാമ്പയിൻ സംഘടിപ്പിച്ചു. പഞ്ചവടി സെന്ററിൽ നിന്നും തുടങ്ങി വ്യായാമത്തിനോടൊപ്പം മാലിന്യം ശേഖരിച്ച് ഒരു കിലോമീറ്റർ സഞ്ചരിച്ച് പഞ്ചവടി ബീച്ചിലാണ് പ്ലോഗിംഗ് അവസാനിപ്പിച്ചത്. 'മാലിന്യം ഞാൻ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുകയില്ല' എന്ന അവബോധം ജനമനസ്സുകളിൽ പകർത്തുവാൻ പ്രവർത്തനത്തിന് സാധിക്കുകയും ചെയ്തു.
- തൃശ്ശൂർ ജില്ലയിൽ തോളൂർ ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി മുള്ളൂർ കായൽ റോഡിൽ ഫെഡറൽ ബാങ്കിന്റെ സഹായത്തോടെ നിരീക്ഷണ ക്യാമറ സ്ഥാപിച്ചത് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. കോലഴി ഗ്രാമപഞ്ചായത്തിൽ മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.
- പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിൽ പറക്കുളം വാർഡ് 2 പറക്കുളം അങ്ങാടി ഹരിത ടൗണായി ജനുവരി 26 നു പ്രഖ്യാപിച്ചു. പാലക്കാട് നഗരസഭയിലെ മേലാമുറി പച്ചക്കറി മാർക്കറ്റ്, ഹരിത മാർക്കറ്റ് ആയി നഗരസഭ ചെയർപേഴ്സൺ ജനുവരി 26 നു പ്രഖ്യാപിച്ചു.
- പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ജനുവരി 26 നു സമ്പൂർണ ഹരിത ടൗൺ പ്രഖ്യാപനം നടത്തി. മലമ്പുഴ ബ്ലോക്കിലെ ആദ്യ സമ്പൂർണ ഹരിത ടൗൺ പ്രഖ്യാപനം നടത്തുന്ന ഗ്രാമപഞ്ചായത്താണ് അകത്തേത്തറ. ആണ്ടിമഠം, ശാസ്താ നഗർ, ചിത്ര ജംഗ്ഷൻ, റെയിൽവേ കോളനി എന്നിവയാണ് ഹരിത ടൗണുകളായി പ്രഖ്യാപിച്ചത്. ഗ്രാമപഞ്ചായത്തിലെ 3 സ്കൂളുകൾ ജനുവരി 26 നു ഹരിത വിദ്യാലയം പ്രഖ്യാപനം നടത്തി.
- മലപ്പുറം ജില്ലയിൽ 95 ടൗണുകൾ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതോടൊപ്പം 16 IEC ബോർഡുകളും ടൗണുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ ജനുവരി മാസം വരെ 39 മാർക്കറ്റുകളിൽ/പൊതു സ്ഥലങ്ങൾ ഹരിത മാർക്കറ്റുകളിൽ/പൊതു സ്ഥലങ്ങളായി പ്രഖ്യാപിച്ചു. ഇതോടൊപ്പം 8 IEC ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.
- വയനാട് ജില്ലയിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മക്കിയാട് ടൗണും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ യവനാർകുളം, കുളത്താട ടൗണുകളും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ വെണ്മണി ടൗണും, തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം ടൗണും ഹരിത ടൗണുകളായി പ്രഖ്യാപിച്ചു. ടൗണിലെ വ്യാപരികൾക്ക് ടൗണിൽ സ്ഥാപിക്കുന്നതിനായി ബിന്നുകളും ടൗൺ

സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ചെടിച്ചട്ടിയും കൈമാറി. ടൗണും പരിസരവും വൃത്തിയായി പരിപാലിക്കാൻ വ്യാപാര സ്ഥാപനങ്ങൾക്കും പ്രദേശ വാസികൾക്കും നിർദ്ദേശം നൽകി.

- ❖ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി നഗരസഭയുടെ നേതൃത്വത്തിൽ ടൗണിൽ മെഗാ പെയിന്റിങ് നടത്തി. നഗരത്തിലെ വിവിധ സ്കൂൾ, കോളേജുകളിൽ നിന്നുമായി 250-ൽ പരം കുട്ടികളും, വ്യാപാരി വ്യവസായി സംഘടന, ഓട്ടോറിക്ഷ യൂണിയൻ പ്രവർത്തകർ, നഗരസഭ കൗസിലർമാർ, നഗരസഭ ജീവനക്കാർ, തുടങ്ങിയവർ ക്യാമ്പയിനിന്റെ ഭാഗമായി.
- ❖ കാസർഗോഡ് ജില്ലയിൽ 182 പൊതു ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ 88 പൊതുഇടങ്ങളുടെ ഹരിതപ്രഖ്യാപനം നടന്നു. തിരഞ്ഞെടുത്ത 182 ഇടങ്ങളിലും ശുചീകരണം നടന്ന് പ്രഖ്യാപിക്കാൻ സജ്ജമായവയാണ്.

| ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 256 | 918 | 1128 | 1412 | 3458 | 0 | 0 | 1 | 40 | 2885 | 18300 |

## 9.2 ഹരിത അയൽക്കൂട്ടങ്ങൾ

ജനുവരി മാസത്തിൽ 50 ശതമാനം ഹരിത അയൽക്കൂട്ടങ്ങളായി മാറ്റണം എന്ന് ലക്ഷ്യം വച്ചിരുന്നു. നിലവിൽ 73.31% അയൽക്കൂട്ടങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്.

സംസ്ഥാനത്തെ 303643 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 222594 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽകൂട്ട പദവിക്ക് അർഹമായിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രേഡിങ് നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുത്തത്. ശുചിത്വം മാത്രം മാനദണ്ഡമാക്കിയുള്ള വിലയിരുത്തലാണ് കുടുംബശ്രീ ഇതിനായി നടത്തിയത്.

- ❖ സംസ്ഥാനത്ത് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ എന്നി ജില്ലകൾ 90% അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്.

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 30589 | 20126 | 65.79% |
| കൊല്ലം | 27115 | 18,174 | 67.03% |
| പത്തനംതിട്ട | 10209 | 6,119 | 59.94% |
| ആലപ്പുഴ | 22666 | 12890 | 56.87% |
| കോട്ടയം | 15664 | 7066 | 45.11% |
| ഇടുക്കി | 11770 | 6302 | 53.54% |
| എറണാകുളം | 25485 | 22108 | 86.75% |
| തൃശ്ശൂർ | 25987 | 23444 | 90.21% |
| പാലക്കാട് | 30368 | 23565 | 77.60% |
| മലപ്പുറം | 34160 | 18772 | 54.95% |
| കോഴിക്കോട് | 27618 | 27618 | 100.00% |
| വയനാട് | 9830 | 6114 | 62.20% |
| കണ്ണൂർ | 20003 | 18941 | 94.69% |
| കാസർഗോഡ് | 12179 | 11355 | 93.23% |
| ആകെ | 303643 | 222594 | 73.31% |

- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ അയൽക്കൂട്ടങ്ങളെ (100%) ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റിയത് കോഴിക്കോട് ജില്ലയാണ്. 27618 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ മുഴുവൻ അയൽക്കൂട്ടങ്ങളെയും (100%) ഹരിത അയൽക്കൂട്ടങ്ങളായി മാറ്റിയിട്ടുണ്ട്. സമ്പൂർണ ഹരിത

അയൽക്കൂട്ട ജില്ലയായി മാറാൻ സാധിച്ചിട്ടുണ്ട്. ഇതിന് കുടുംബശ്രീ മിഷൻ വലിയ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

| ഹരിത അയൽക്കൂട്ടങ്ങൾ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 466 | 648 | 841 | 2528 | 4017 | 0 | 0 | 2 | 287 | 2381 | 7682 |

- കണ്ണൂർ ജില്ലയിൽ 20003 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 18941 അയൽക്കൂട്ടങ്ങളെ (94.69%) ഹരിത അയൽക്കൂട്ടങ്ങളായി മാറ്റിയിട്ടുണ്ട്.
- പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത അയൽക്കൂട്ടം പ്രഖ്യാപനം ജനുവരി 26 നു ആലത്തൂർ നിയോജക മണ്ഡലം MLA കെ. ഡി. പ്രസേനൻ നിർവഹിച്ചു.
- കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് മാസം എല്ലാ അയൽക്കൂട്ടങ്ങളും ഹരിത അയൽക്കൂട്ടങ്ങളായി മാറി സമ്പൂർണ ഹരിത അയൽക്കൂട്ട ജില്ലയായി മാറാൻ സാധിച്ചിട്ടുണ്ട്. ഇതിന് കുടുംബശ്രീ മിഷൻ വലിയ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.
- വയനാട് ജില്ലയിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ അയൽകൂട്ടം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

## 9.3 ഹരിത സ്ഥാപനങ്ങൾ

ജനുവരി മാസത്തിൽ എല്ലാ ജില്ലകളിലും മുഴുവൻ സ്ഥാപനങ്ങളെയും ഹരിത സ്ഥാപനമായി മാറ്റണം എന്ന് ലക്ഷ്യം നൽകിയിരുന്നു. ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4213 | 2036 | 48% |
| കൊല്ലം | 5387 | 4699 | 87% |
| പത്തനംതിട്ട | 2377 | 1659 | 70% |
| ആലപ്പുഴ | 1400 | 1280 | 91% |
| കോട്ടയം | 4700 | 3844 | 82% |
| ഇടുക്കി | 3459 | 2,686 | 78% |
| എറണാകുളം | 4499 | 2718 | 60% |
| തൃശൂർ | 6480 | 6082 | 94% |
| പാലക്കാട് | 5224 | 3837 | 73% |
| മലപ്പുറം | 5124 | 3127 | 61% |
| കോഴിക്കോട് | 5480 | 3527 | 64% |
| വയനാട് | 958 | 794 | 83% |
| കണ്ണൂർ | 4659 | 3183 | 68% |
| കാസർഗോഡ് | 2251 | 2080 | 92% |
| ആകെ | 56211 | 41552 | 74% |

- സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 56211 സ്ഥാപനങ്ങളിൽ നിന്നും 41552 സ്ഥാപനങ്ങളെ വിലയിരുത്തി ഹരിത സ്ഥാപന പദവിക്ക് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 74% സ്ഥാപനങ്ങളെ ഹരിത

സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ, ബി, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച് മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ തൃശ്ശൂർ, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകൾ 90% മുകളിൽ ഹരിത സ്ഥാപന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി മാറ്റിയത് തൃശ്ശൂർ ജില്ലയാണ്. തൃശ്ശൂർ ജില്ല തിരഞ്ഞെടുത്ത 6480 സ്ഥാപനങ്ങളിൽ 6082 സ്ഥാപനങ്ങളെ (94%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ല തിരഞ്ഞെടുത്ത 2251 സ്ഥാപനങ്ങളിൽ 2080 സ്ഥാപനങ്ങളെ (92%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ അകെ 1400 സർക്കാർ ഓഫീസുകളാണ് ടാർഗറ്റ് ചെയ്തിരിക്കുന്നത്. ആയതിൽ 1280 സ്ഥാപനങ്ങളെ (91%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റുവാൻ സാധിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ ജനുവരി മാസം വരെ 2036 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആയി പ്രഖ്യാപിച്ചു. 48% മാത്രമേ ഇതുവരെ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുള്ളൂ.
- ❖ പത്തനംതിട്ട ജില്ലയിൽ ജനുവരി മാസം വരെ 2377 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 1659 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി കരസ്ഥമാക്കിയിട്ടുണ്ട്. 1120 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ മുഴുവൻ അങ്കണവാടികളെയും ഹരിത അങ്കണവാടികളായി ജനുവരി മാസം പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം നഗരസഭയിലെ സ്ഥാപനതല ഗ്രേഡിങ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശ്രീധരീയം ആയുർവേദ ആശുപത്രിയിൽ വച്ച് നഗരസഭ ചെയർപേഴ്സൺ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും വിവരശേഖരണം നടത്തി ഉദ്ഘാടനം നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ ജനുവരി മാസം 1731 സ്ഥാപനങ്ങളുടെ അസ്സെസ്മെന്റ് പൂർത്തീകരിക്കുകയും, 268 സ്ഥാപനങ്ങൾക്കു ഹരിത സർട്ടിഫിക്കറ്റ് നൽകി ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു.
- ❖ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ 15 അങ്കണവാടികളുടെ സമ്പൂർണ്ണ ഹരിത അങ്കണവാടി പ്രഖ്യാപനം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജനുവരി 26 നു നിർവ്വഹിച്ചു. പിരായിരി പഞ്ചായത്തിൽ സമ്പൂർണ്ണ ഹരിത വിദ്യാലയങ്ങളുടെ പ്രഖ്യാപനം പഞ്ചായത്ത് പ്രസിഡണ്ട് ജനുവരി 26 നു പ്രഖ്യാപനം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 10 സ്ഥാപനങ്ങൾ ഹരിത സ്ഥാപനം ആയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജനുവരി 26 നു പ്രഖ്യാപിച്ചു.

- ❖ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബ്ലോക്കിലെ വില്ലേജ് ഓഫീസുകൾ വീണ്ടും പരിശോധിച്ചു. ആദ്യത്തെ പരിശോധനയിൽ കണ്ടെത്തിയ ഗ്യാപ്പുകൾ പരിഹരിച്ച് ഗ്രേഡിലേക്ക് എത്തിയിട്ടുണ്ട്. ഗ്രേഡിംഗ് അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി താലൂക്കിലെ എല്ലാ വില്ലേജ് ഓഫീസുകളും ഹരിത സ്ഥാപനമായിട്ടുണ്ട്.
- ❖ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത അംഗനവാടി പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- ❖ കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിലെ മുഴുവൻ അംഗനവാടികൾ "ഹരിത അംഗനവാടികൾ" ആയി പ്രഖ്യാപിച്ചു. ബ്ലോക്കിൽ ആകെയുള്ള 160 അംഗനവാടികളാണ് ഹരിതശുചിത്വമായി മാറിയത്.
- ❖ കാസർഗോഡ് ജില്ലയിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾക്കു പുറമെ പ്രൊഫഷണൽ ടാക്സ് രജിസ്ട്രർ പ്രകാരമുള്ളതും നിലവിലുള്ളതുമായ സ്ഥാപനങ്ങളെ പട്ടികപ്പെടുത്തിയപ്പോൾ 2251 സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 2025 ജനുവരി 31 വരെ 2080 സ്ഥാപനങ്ങൾ ഹരിതസ്ഥാപനങ്ങളായിട്ടുണ്ട്.

| ഹരിത വിദ്യാലയങ്ങൾ/ കലാലയങ്ങൾ/ ഹരിതസ്ഥാപനങ്ങൾ - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 581 | 899 | 2071 | 1502 | 4472 | 3 | 151 | 10 | 1124 | 3373 | 19168 |

## 9.4 ഹരിത വിദ്യാലയം, ഹരിത കലാലയം

ഡിസംബർ മാസത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേയ്ക്കും 100% സ്കൂൾ/കോളേജുകളെ ഹരിതസ്ഥാപനം, വിദ്യാലയം/കലാലയം പദവിയിലെത്തിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു.

- ❖ സംസ്ഥാനത്ത് ആകെയുള്ള 14536 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിലയിരുത്തൽ നടത്തിയതിൽ 12818 വിദ്യാലയങ്ങൾ ഹരിത വിദ്യാലയം എന്ന പദവി നേടി. നിലവിൽ 88.18 % വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായിട്ടുണ്ട്.
- ❖ ജനുവരി മാസം വരെ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ 90% മുകളിൽ ഹരിത വിദ്യാലയങ്ങൾ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ വിദ്യാലയങ്ങളെ (89%) ഹരിത വിദ്യാലയങ്ങളായി മാറ്റിയത് മലപ്പുറം ജില്ലയാണ്. 1705 വിദ്യാലയങ്ങൾ ഉള്ളതിൽ 1520 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റിയിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ 42 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം നടന്നു.
- ❖ എറണാകുളം ജില്ലയിൽ ജനുവരി മാസത്തിൽ 494 വിദ്യാലയങ്ങളുടെ അസ്സെസ്സ്മെന്റ് പൂർത്തീകരിക്കുകയും ഇവയിൽ 458 വിദ്യാലയങ്ങൾ ഹരിത വിദ്യാലയ പദവി കരസ്ഥമാക്കുകയും ചെയ്തു. വാളകം, മഞ്ഞള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം ജനുവരി മാസത്തിൽ നടന്നു. പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ 9 വിദ്യാലയങ്ങളെ സമ്പൂർണ്ണ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത വിദ്യാലയ പ്രഖ്യാപനവും, ഹരിത വിദ്യാലയ സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- ❖ തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി പരിധിയിലെ സ്കൂളുകളുടെ ഹരിത വിദ്യാലയം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- ❖ കോഴിക്കോട് ജില്ലയിൽ 33 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഹരിതവിദ്യാലയം പ്രഖ്യാപനം നടന്നു.
- ❖ സംസ്ഥാനത്തെ 1421 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1063 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 75% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.

- ❖ ജനുവരി മാസം വരെ കൊല്ലം, തൃശ്ശൂർ, ജില്ലകൾ 100% ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ 90%-ന് മുകളിൽ ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ കലാലയങ്ങളെ ഹരിത കലാലയങ്ങളായി മാറ്റിയത് കോട്ടയം ജില്ലയാണ്. 136 കലാലയങ്ങൾ ഉള്ളതിൽ 129 കലാലയങ്ങളെ ഹരിത കലാലയങ്ങളായി (95%) മാറ്റിയിട്ടുണ്ട്.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതവിദ്യാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 1163 | 798 | 68.62% | 150 | 77 | 51% |
| കൊല്ലം | 1081 | 1079 | 99.81% | 110 | 110 | 100% |
| പത്തനംതിട്ട | 812 | 761 | 93.72% | 51 | 25 | 49% |
| ആലപ്പുഴ | 865 | 678 | 78.38% | 40 | 34 | 85% |
| കോട്ടയം | 1051 | 1049 | 99.81% | 136 | 129 | 95% |
| ഇടുക്കി | 552 | 506 | 91.67% | 67 | 49 | 73% |
| എറണാകുളം | 1248 | 776 | 62.18% | 112 | 48 | 43% |
| തൃശ്ശൂർ | 1176 | 1174 | 99.83% | 121 | 121 | 100% |
| പാലക്കാട് | 1092 | 971 | 88.92% | 135 | 97 | 72% |
| മലപ്പുറം | 1705 | 1,520 | 89.15% | 151 | 121 | 80% |
| കോഴിക്കോട് | 1381 | 1221 | 88.41% | 121 | 79 | 65% |
| വയനാട് | 339 | 337 | 99.41% | 52 | 47 | 90% |
| കണ്ണൂർ | 1415 | 1334 | 94.28% | 110 | 63 | 57% |
| കാസർകോട് | 656 | 614 | 93.60% | 65 | 63 | 97% |
| ആകെ | 14536 | 12818 | 88.18% | 1421 | 1063 | 75% |

- ❖ പത്തനംത്തിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്കിലെ ഗവൺമെന്റ് ആർട്സ് & സൈൻസ് കോളേജ്, ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ, സീപാസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഇലന്തൂർ എന്നിവ ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ മഹാരാജാസ് കോളേജ് ഹരിത കലാലയം ആക്കുന്നതിന് മുന്നോടിയായി ക്ലീൻ ഡ്രൈവ് നടത്തി. PTA, NSS വിദ്യാർത്ഥികൾ, അധ്യാപകർ, ശുചീകരണ തൊഴിലാളികൾ തുടങ്ങി വിവിധ അംഗങ്ങൾ ക്ലീൻ ഡ്രൈവിൽ പങ്കെടുത്തു.
- ❖ എറണാകുളം ജില്ലയിൽ കാലടി ആദി ശങ്കര ഇൻസ്റ്റിട്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി ഹരിത ക്യാമ്പസ് പ്രഖ്യാപാനം ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ സർട്ടിഫിക്കറ്റ് വിതരണം നടത്തി ഉദ്ഘാടനം ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ ശ്രീശങ്കര കോളേജിനെ ഹരിത ക്യാമ്പസ് പ്രഖ്യാപനം നടത്തുന്നതിനുള്ള ഗ്രെയ്ഡിംഗ് പൂർത്തികരിക്കുന്നതിന് മുന്നോടിയായി കോളേജിലെ NSS, NCP, ഭൂമിത്രസേന അംഗങ്ങളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ മെഗാ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു.
- ❖ വയനാട് ജില്ലയിൽ മർകസ് വുമൺസ് കോളേജിന്റെ ഹരിത കലാലയം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് നിർവഹിച്ചു. പങ്കാളിത്തം - 80.
- ❖ കാസർഗോഡ് ജില്ലയിൽ 65 കലാലയങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ 63 കലാലയങ്ങളിൽ ഹരിതകലാലയം പ്രഖ്യാപനം നടത്തി.

## 9.5 ഹരിത ടൂറിസം

ജനുവരി മാസത്തിൽ എല്ലാ ജില്ലകളിലും 50% ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കണം എന്ന ലക്ഷ്യം നൽകിയിരുന്നു. ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും

ഉൾപ്പെടുന്ന 431 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജനുവരി മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 106 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 25% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.

| ജില്ല | ഹരിത ടൂറിസം പ്രഖ്യാപിച്ച കേന്ദ്രങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ടാർഗറ്റ് | ഡിസംബർ മാസം വരെ | ജനുവരി മാസം | ആകെ |
| തിരുവനന്തപുരം | 42 | 5 | 0 | 5 |
| കൊല്ലം | 30 | 11 | 5 | 16 |
| പത്തനംതിട്ട | 7 | 1 | 1 | 2 |
| ആലപ്പുഴ | 20 | 1 | 3 | 4 |
| കോട്ടയം | 33 | 8 | 1 | 9 |
| ഇടുക്കി | 53 | 4 | 1 | 5 |
| എറണാകുളം | 31 | 2 | 2 | 4 |
| തൃശൂർ | 48 | 5 | 1 | 6 |
| പാലക്കാട് | 36 | 5 | 12 | 17 |
| മലപ്പുറം | 38 | 0 | 4 | 4 |
| കോഴിക്കോട് | 29 | 7 | 5 | 12 |
| വയനാട് | 16 | 2 | 4 | 6 |
| കണ്ണൂർ | 34 | 6 | 1 | 7 |
| കാസർഗോഡ് | 14 | 9 | 0 | 9 |
| ആകെ | 431 | 66 | 40 | 106 |

❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| ജില്ല | ജനുവരി മാസം പ്രഖ്യാപിച്ച ഹരിത ടൂറിസം കേന്ദ്രങ്ങളുടെ പേര് |
|---|---|
| കൊല്ലം | അഡ്വഞ്ചർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക്, തങ്കശ്ശേരി ലൈറ്റ് ഹൌസ്, തൃക്കരുവ - സാമ്പ്രാണിക്കോടി |
| പത്തനംതിട്ട | കോന്നി ഇക്കോ ടൂറിസം |
| ആലപ്പുഴ | വിജയ ബീച്ച് പാർക്ക്, സീ വ്യൂ അഡ്വഞ്ചർ പാർക്ക്, മാരാരിക്കുളം ബീച്ച് |
| കോട്ടയം | മാർമല അരുവി |
| ഇടുക്കി | പാഞ്ചാലിമേട് ടൂറിസം കേന്ദ്രം |
| എറണാകുളം | മാണിക്കമംഗലം തുറ, മഹാഗണിതോട്ടം |
| തൃശ്ശൂർ | മന്നലാംകുന്ന് ബീച്ച് |
| പാലക്കാട് | ഭാരതപ്പുഴ പാർക്ക്, പറമ്പിക്കുളം, ചൂലനൂർ മയിൽ സങ്കേതം, തൊടുക്കാപ്പ് ഇക്കോ ടൂറിസം, അനങ്ങൻമല, റോക്ക് ഗാർഡൻ, ആർട്ട് ഗാലറി, ശ്രീകൃഷ്ണപുരം ബാപ്പൂജി പാർക്ക്, കുഞ്ചൻ നമ്പ്യാർ സ്മാരകം, സൈലന്റ് വാലി, മീൻവെള്ളം, ഗവൺമെന്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം. |
| മലപ്പുറം | കൊടികുത്തിമല, പുഞ്ച പാർക്ക്, കോട്ടക്കുന്ന്, തേക്ക് മ്യൂസിയം |
| കോഴിക്കോട് | ആർട് ഗ്യാലറി, പ്ലാനറ്റോറിയം, മാനാഞ്ചിറ, കക്കയം ഹൈഡൽ ടൂറിസം, പെരുവണ്ണാവുഴി |
| വയനാട് | എൻ ഊര്, കർലാട് തടാകം, ടൗൺ സ്ക്വേയർ, പഴശ്ശി പാർക്ക് |
| കണ്ണൂർ | റെഗുലേറ്റർ കം ബ്രിഡ്ജ് |

❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം

മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

- ❖ കൊല്ലം ജില്ലയിൽ ജനുവരി 26-ന് തൃക്കരുവ ഗ്രാമപഞ്ചായത്തിലെ സാമ്പ്രാണിക്കോടി, കൊല്ലം കോർപ്പറേഷൻ പരിധിയിലെ അഡ്വഞ്ചർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, തങ്കശ്ശേരി ലൈറ്റ് ഹൗസ്, തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക് എന്നീ 5 കേന്ദ്രങ്ങളാണ് ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചത്.
- ❖ കൊല്ലം ജില്ലയിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് സാധിക്കുന്നില്ല. ടൂറിസം വകുപ്പിന്റെ സഹകരണം കൂടുതൽ ആവശ്യമായി വരുന്നുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ആനക്കൂട് ഹരിത ടൂറിസം കേന്ദ്രമായി ജനുവരി മാസം പ്രഖ്യാപിച്ചു. ഹരിത വിനോദ സഞ്ചാരകേന്ദ്രം സാക്ഷ്യപത്രം ജില്ലാ പഞ്ചായത്ത് മെമ്പർ കോന്നി ഇക്കോ ടൂറിസം ചാർജ് ഓഫീസർന് കൈമാറി.
- ❖ കോട്ടയം ജില്ലയിൽ ജനുവരി 26നു മാർമല അരുവി ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. കൂടുതൽ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പരിശോധനയും പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- ❖ ഇടുക്കി ജില്ലയിൽ പാഞ്ചാലിമേട് ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. പീരുമേട് ഗ്രാമപഞ്ചായത്തിലെ പരുന്തുംപാറ ടൂറിസം കേന്ദ്രത്തിൽ ജലക്ഷാമം നേരിടുന്നതിനാൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. സുലഭമായി ജലലഭ്യത ഇല്ലാത്തതിനാൽ പ്രഖ്യാപനം വൈകുന്ന സാഹചര്യം നിലനിൽക്കുന്നു.
- ❖ എറണാകുളം ജില്ലയിൽ ജനുവരി മാസം മാണിക്യ മംഗലം തുറ, മലയാറ്റൂർ ഗ്രീൻ ഫോറസ്റ്റ് (മഹാഗണിത്തോട്ടം) എന്നീ രണ്ടു കേന്ദ്രങ്ങൾ ഹരിത പദവി കരസ്ഥമാക്കി.
- ❖ തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ മന്ദലാംകുന്ന് ബീച്ചിൽ ഹരിത ടൂറിസം പ്രഖ്യാപനത്തിന്റെ മുന്നോടിയായി ഒന്നാംഘട്ട ശുചീകരണം നടത്തുകയും ഇതിനെ സംബന്ധിച്ചു ബോധവൽക്കരണം പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിക്കുകയും ചെയ്തു. മന്ദലാംകുന്ന് ബീച്ച് ഹരിത ടൂറിസം കേന്ദ്രമായി ഗുരുവായൂർ നിയോജക മണ്ഡലം MLA എൻ.കെ.അക്ബർ നിർവ്വഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച ആയിരത്തോളം പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് ചാവക്കാട് നഗരസഭ ആരോഗ്യ വിഭാഗം അധികൃതർ ഭീമൻ കടലാമ ശില്പം ഒരുക്കി. മാലിന്യ നിർമ്മാർജ്ജനത്തിനെതിരെ ബോധവൽക്കരണവും ആയാണ് "വേസ്റ്റ് ടു ആർട്ട്" എന്ന പേരിൽ 12 അടി നീളവും 12 അടി വീതിയുമുള്ള കടലാമ ശില്പം ഒരുക്കിയത്. ഈ ശില്പത്തിന്റെ ഉദ്ഘാടനം എം.കെ.അക്ബർ MLA നിർവഹിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ജനുവരി മാസം കൊടികുത്തിമല, പുഞ്ച പാർക്ക്, കോട്ടക്കുന്ന്, തേക്ക് മ്യൂസിയം എന്നീ 4 ഹരിത ടൂറിസം കേന്ദ്രങ്ങൾ പ്രഖ്യാപിച്ചു. ഇതിൽ പുഞ്ച പാർക്ക് ഹരിത ടൂറിസം പ്രഖ്യാപനം പൊന്നാനി MLA നിർവഹിച്ചു. ജില്ലയിൽ 4 കേന്ദ്രങ്ങളിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. പുഞ്ച പാർക്ക് കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും IEC ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ പെരുവണ്ണാമുഴി ഹരിത ടൂറിസം കേന്ദ്രമായി ഷാർജ ഭരണാധികാരിയും അന്താരാഷ്ട്ര വ്യവസായിയുമായ അൽ മുഹമ്മദ് അബ്ദുള്ള മസൂകി പ്രഖ്യാപിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ കോർപ്പറേഷനിലെ മാനാഞ്ചിറ, പ്ലാനറ്റോറിയം, ആർട് ഗ്യാലറി എന്നീ മൂന്ന് കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രമായി മേയർ പ്രഖ്യാപിച്ചു. ഇതോടൊപ്പം കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപിച്ചു.
- ❖ വയനാട് ജില്ലയിൽ തരിയോട് ഗ്രാമപഞ്ചായത്തിലെ കർലാട് തടാകം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. ജില്ലയിൽ പഴശ്ശി കുടീരം ടൂറിസം കേന്ദ്രത്തിൽ ഹരിത ടൂറിസം സംബന്ധിച്ച

നിബന്ധനകൾ ഉൾപ്പെടുന്ന ബോർഡുകൾ സ്ഥാപിച്ചു. ഇതോടൊപ്പം ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം നിക്ഷേപിക്കുന്നതിനായി ബിന്നുകൾ പുതുതായി സ്ഥാപിച്ചു.

- കണ്ണൂർ ജില്ലയിൽ പെരളശ്ശേരി പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് ഹരിത ടൂറിസം കേന്ദ്രമായി 2025 ജനുവരി 26 ന് MP വി.ശിവദാസൻ പ്രഖ്യാപിച്ചു.
- കാസർഗോഡ് ജില്ലയിൽ അഴിത്തല ബീച്ച് പാർക്ക് നിർമ്മാണത്തിന് ടൂറിസം വകുപ്പ് 1.47 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2 ശുചീകരണ തൊഴിലാളികളെ DTPC ഇവിടെ നിയമിച്ചിട്ടുണ്ട്. ബീച്ചിൽ വലിച്ചെറിയപ്പെട്ട വാട്ടർ ബോട്ടിലുകൾ ഉപയോഗിച്ച് ഒരു മത്സ്യത്തിന്റെ ശില്പം സ്ഥാപിച്ചു കൊണ്ട് അഴിത്തല ഹരിത ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ഉദ്ഘാടനം തൃക്കരിപ്പൂർ MLA എം.രാജഗോപാലൻ നിർവ്വഹിച്ചു.
- കാസർഗോഡ് ജില്ലയിൽ ജനുവരി മാസം അഴിത്തല ബീച്ച് ക്ലീൻ ഡ്രൈവ് നടത്തി. കൗൺസിലർമാർ, ശുചീകരണ തൊഴിലാളികൾ, ഹരിത കർമ്മസേന, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി 91 പേർ പങ്കെടുത്തു.

| ഹരിത ടൂറിസം - ജനുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 79 | 225 | 431 | 457 | 1113 | 0 | 0 | 2 | 120 | 560 | 6529 |

## 9.6 ഇനി ഞാൻ ഒഴുകട്ടെ

കേരളം സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നീർച്ചാലുകളും മാർച്ച് 30-നോട് കൂടി വൃത്തിയാക്കി നീരൊഴുക്ക് വീണ്ടെടുക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

- കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെട്ട 3189 എണ്ണം നീർച്ചാലുകൾ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടിട്ടുണ്ട്. ഈ കൈവഴികളിൽ ഉൾപ്പെട്ട 5724.638 കിമീ നീർച്ചാലുകൾ മാലിന്യ മുക്തം ജനകീയ കാമ്പയിനിൽ ഉൾപ്പെടുത്തി ശുചീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനുവരി മാസം വരെ 1169.38 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്.
- നീർച്ചാൽ ശുചീകരണവുമായി ബന്ധപ്പെട്ട് 557 ഇടങ്ങളിൽ ഏകദിന ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 19,434 ജനങ്ങളുടെ പങ്കാളിത്തം ഏകദിന ശുചീകരണത്തിൽ ഉണ്ടായിട്ടുണ്ട്.
- തുടർദിവസങ്ങളിലുള്ള പ്രവർത്തനങ്ങളിലുൾപ്പെടെ 3,14,683 ജനങ്ങളുടെ പങ്കാളിത്തം ഇനി ഞാൻ ഒഴുകട്ടെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട്. 633 ലോഡ് മാലിന്യം നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ വക്കം ഗ്രാമപഞ്ചായത്ത് വാർഡ് 13 ലെ ഇറങ്ങു കടവ് പുളിവിളാകത്ത് തോട് ഇനി ഞാൻ ഒഴുകട്ടെ മൂന്നാംഘട്ടം പഞ്ചായത്ത്തല ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. 180 മീറ്റർ നീളമുള്ള തോട് ശുചീകരണം നടത്തി കയർ ഭൂവസ്ത്രം പാകുന്നതിനുള്ള വർക്ക് ആരംഭിച്ചു. 38 പേരുടെ പങ്കാളിത്തം ജാനകിയ വീണ്ടെടുപ്പിൽ ഉണ്ടായിരുന്നു.
- കൊല്ലം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ആരംഭിച്ച “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാംഘട്ടം പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ജനുവരി മാസം 21 തദ്ദേശ സ്ഥാപനങ്ങളിൽ കൂടി നീർച്ചാൽ വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ 28 തദ്ദേശസ്ഥാപനങ്ങളിൽ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഹരിത കേരളം മിഷന്റെയും തദ്ദേശസ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ടെക്നിക്കൽ കമ്മറ്റി കൂടിയിട്ടുണ്ട്. ഇതുവരെ 108.455 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.

- ആലപ്പുഴ ജില്ലയിൽ "ഇനി ഞാൻ ഒഴുകട്ടെ" യുടെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പുറക്കാട് ഗ്രാമപഞ്ചായത്തിലെ ചേമ്പുതറ തോടാണ് ഉദ്ഘാടനത്തിനായി തിരഞ്ഞെടുത്തത്.
- കോട്ടയം ജില്ലയിൽ “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാംഘട്ടം പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി 46 ഗ്രാമപഞ്ചായത്തുകളിൽ ജനുവരി മാസം പ്രവർത്തനം പുരോഗമിക്കുന്നു.
- ഇടുക്കി ജില്ലയിൽ “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാംഘട്ടം പ്രവർത്തനങ്ങളും ആയി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ യോഗം കൂടി. ഇതിനോടകം 5 ഉദ്ഘാടന പരിപാടികൾ സംഘടിപ്പിച്ചു.
- എറണാകുളം ജില്ലയിൽ “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി മാസം ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപങ്ങളിലും തോടുകളുടെ ശുചീകരണം ജനകീയ പങ്കാളിത്തതോടെ നടന്നു.
- തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട നഗരസഭ, കുന്നംകുളം നഗരസഭ, പറപ്പൂക്കര, പാണഞ്ചേരി, തോളൂർ, മുളങ്കുന്നത്തുകാവ്, കോലഴി, പുന്നയൂർ, പുന്നയൂർക്കുളം, അളഗപ്പ നഗർ, തൃക്കൂർ, ആളൂർ, പാവറട്ടി, എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാം ഘട്ട ഉദ്ഘാടന പ്രവർത്തനങ്ങൾ നടന്നു.
- തൃശ്ശൂർ ജില്ലയിൽ കലുങ്കുകൾക്ക് ഗ്രിൽ സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ സമർപ്പണം കൈപ്പമംഗലം MLA ഇ.ടി ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജലസ്രോതസ്സുകളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരായി തോടുകൾക്കും പൊതുകുളങ്ങൾക്കും അരികിലായി മെറ്റൽ ഗ്രിൽ സ്ഥാപിക്കലാണ് പദ്ധതികളിലൂടെ നിർവ്വഹിച്ചിരിക്കുന്നത്. 10 ലക്ഷം രൂപ തനതു ഫണ്ടിനത്തിൽ വകയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ റോഡ് അതിർത്തി പങ്കിടുന്ന ജലാശയങ്ങളുടെ ഭാഗങ്ങളിൽ ജൈവവൈവിദ്ധ്യ ഗ്രിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനുവരി മാസത്തിൽ “ഇനി ഞാൻ ഒഴുകട്ടെ” കാമ്പയിൻ ഉദ്ഘാടനം ജനകീയ പങ്കാളിത്തതോടെ നടന്നു. ഇതോടെ ജില്ലയിൽ 60 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ “ഇനി ഞാൻ ഒഴുകട്ടെ” ക്യാമ്പയിൻ ഉദ്ഘാടനം നടന്നു. കാമ്പയിന്റെ ഭാഗമായി 38.96 കി.മി ദൂരം ശുചീകരിച്ചു.
- പാലക്കാട് ജില്ലയിൽ “ഇനി ഞാൻ ഒഴുകട്ടെ” മൂന്നാം ഘട്ടം പുഴകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുക്കൽ പരിപാടിയുടെ നല്ലേപ്പിള്ളി ഗ്രാമപഞ്ചയാത്ത് തല ഉദ്ഘാടനം വാർഡ് - 1 ചെട്ടികുളം നീർച്ചാൽ ശുചീകരണം നടത്തി പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.
- കോഴിക്കോട് ജില്ലയിൽ ജനുവരി മാസം 14-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ “ഇനി ഞാൻ ഒഴുകട്ടെ” കാമ്പയിൻ നടന്നു. തുറയൂരിൽ നടന്ന കാമ്പയിനിൽ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് പേർ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു.
- കോഴിക്കോട് ജില്ലയിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ എല്ലാ നീർച്ചാലുകളും ശുചീകരിച്ചു. 9 തോടുകളിലായി 22.6 കി.മീ ശുചീകരണ പ്രവർത്തനം നടത്തി. അതിൽ 6.5 കി.മീ ദൂരം മാലിന്യങ്ങൾ നിറഞ്ഞത് നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കി.
- വയനാട് ജില്ലയിൽ വൈത്തിരി ഗ്രാമപഞ്ചായത്തിലെ വൈത്തിരി പുഴ ശുചീകരണം നടത്തുകയും 70 മീറ്റർ ഭാഗത്ത് കയർ ഭൂവസ്ത്രം വിരിക്കുകയും രാമച്ചം തൈകൾ നടുകയും ചെയ്തു. ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് അതിയാമ്പൂർ കാലിക്കടവ് തോട് ശുചീകരണം നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ ടി എൻ സീമ ഉദ്ഘാടനം ചെയ്തു.
- കാസർഗോഡ് ജില്ലയിൽ ഇതുവരെ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 104 നീർച്ചാലുകളുടെ ശുചീകരണം നടന്നു. ജനുവരി മാസം 13 ഗ്രാമപഞ്ചായത്തുകളിലാണ് “ഇനി ഞാൻ ഒഴുകട്ടെ” കാമ്പയിൻ പ്രവർത്തനം നടന്നത്. 46.5 കീ.മീ നീളത്തിൽ 36 നീർച്ചാലുകൾ ഗ്രാമപഞ്ചായത്ത്തലത്തിൽ ശുചീകരിച്ചു.

## 9.7 ഹരിത KSRTC

- ❖ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, റാന്നി, അടൂർ, പന്തളം എന്നീ ഡിപ്പോകളിൽ ശുചീകരണം നടന്നിട്ടുണ്ട്. അടൂർ, പന്തളം ഡിപ്പോകളിൽ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു. അടൂർ ഡിപ്പോയിൽ ചെടി ചട്ടികൾ വെച്ച് മുൻഭാഗം സൗന്ദര്യവത്കരണം നടത്തിയിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ പന്തളം ഡിപ്പോയിൽ NSS കുട്ടികളെ കൊണ്ട് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വാൾ പെയിന്റിംഗ്സ് ചെയ്തിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ കട്ടപ്പന KSRTC ഡിപ്പോയെ ഹരിത KSRTC ഡിപ്പോ ആയി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ എറണാകുളം ഡിപ്പോ KSRTC ട്രാൻസ്പോർട്ട് ഓഫീസർമാരുടെ യോഗത്തിൽ പൂച്ചട്ടി ചലഞ്ച് സംഘടിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ കോതമംഗലം KSRTC ബസ് സ്റ്റാൻഡിൽ ശുചീകരണ പ്രവർത്തനങ്ങൾ, സൗന്ദര്യവൽക്കരണം എന്നിവ നടന്നു വരുന്നു.
- ❖ എറണാകുളം ജില്ലയിൽ വലിച്ചെറിയൽ മുക്തവാരത്തിന്റെ ഭാഗമായി KSRTC ജീവനക്കാരും ഹരിത കേരളം മിഷനും ചേർന്ന് ബസ്സുകളിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും മാലിന്യമുക്ത പരിപാടിയെക്കുറിച്ച് അവബോധം നൽകി.
- ❖ തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ KSRTC സബ് ഡെപ്പോയിൽ ബോട്ടിൽ ബൂത്ത് ഉദ്ഘാടനം നടന്നു. KSRTC ജീവനക്കാർ അടക്കം 30 പേർ ചടങ്ങിൽ പങ്കെടുത്തു.
- ❖ മലപ്പുറം ജില്ലയിൽ ആകെ തിരഞ്ഞെടുത്ത 4 KSRTC ഡിപ്പോ കേന്ദ്രങ്ങളിലും ശുചികരണ പ്രവർത്തനങ്ങൾ നടത്തി. 4 ഇടങ്ങളിലായി സന്നദ്ധ പ്രവർത്തനത്തിൽ 355 പേർ പങ്കെടുത്തു. 4 ഡിപ്പോകളും ഹരിത ഡിപ്പോകളായി ആയി പ്രഖ്യാപിച്ചു.
- ❖ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി KSRTC ഡിപ്പോ ശുചീകരിക്കുകയും മതിലുകൾ പേയിന്റ് ചെയ്യുകയും ചെയ്തു. ഇതോടൊപ്പം ഡിപ്പോ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി സ്പോൺസർഷിപ്പിലൂടെ ലഭിച്ച ചെടിച്ചട്ടികൾ ഡിപ്പോയിൽ സ്ഥാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ജനുവരി 23 ന് ഡിപ്പോ ജീവനക്കാരും കാസർഗോഡ് ഗവ കോളേജിലെ NSS കുട്ടികളും ചേർന്ന് കാസർഗോഡ് ഡിപ്പോ ശൂചീകരിച്ചു.

## 9.8 ഹരിത സഭ

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുതുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സഭയുടെ ഏകോപനം ഹരിത കേരളം മിഷനും ശുചിത്വ മിഷനും ചേർന്ന് ഉറപ്പാക്കിയിരുന്നു. പുതുതലമുറകളിൽ മാലിന്യ നിർമാർജനത്തെ കുറിച്ച് അവബോധം കൊണ്ടുവരാനും മാലിന്യമുക്തം നവകേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം സൃഷ്ടിക്കുന്ന വേദിയായി ഹരിത സഭ.

ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തണം ഇല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ സംവിധാനങ്ങൾ ഉറപ്പു വരുതുന്നതിനും ഹരിത സഭ പ്രയോജനപ്പെട്ടു. ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഗുണദോഷങ്ങൾ കുട്ടികളിലൂടെ സമൂഹത്തിനു പകർന്ന് നൽകുവാൻ ഹരിത സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

- ❖ നവംബർ 14ന് തുടങ്ങി ജനുവരി മാസത്തോടെ 912 തദ്ദേശ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പ് നടന്ന ജില്ലകളിൽ ജനുവരി മാസത്തിലും ഹരിത സഭ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തദ്ദേശ സ്ഥാപന പരിധിയിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവസരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 11,126 വിദ്യാലയങ്ങൾ ഹരിത സഭയിൽ പങ്കാളിയായി. ഇതിൽ 4,226 സർക്കാർ സ്കൂളുകളും, 5,407 എയ്ഡഡ് സ്കൂളുകളും

ആൺഎയ്ഡഡ് മേഖലയിലെ 1,393 സ്കൂളുകളും 25 കേന്ദ്രിയ വിദ്യാലയങ്ങളും പങ്കെടുത്തിട്ടുണ്ട്. 1,29,001 കുട്ടികൾ സജീവമായി ഹരിത സഭയിൽ പങ്കാളിയായി. 30,077 അധ്യാപകരും ഹരിത സഭയിൽ പങ്കെടുത്തു. ഹരിത സഭയുടെ ഭാഗമായി കുട്ടികൾ മാലിന്യ സംസ്കരണ രംഗത്തെ അവരവരുടെ സ്കൂളിലെ വിവിധ മാതൃകകളും, അവർ നിരീക്ഷിച്ച മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങളും റിപ്പോർട്ടായി സഭയിൽ അവതരിപ്പിച്ചു. 11,098 റിപ്പോർട്ടുകളാണ് 912 ഹരിത സഭകളിലായി അവതരിപ്പിച്ചത്.

| ജില്ലാ | തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | സംഘടിപ്പിച്ച തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | ഹരിതസഭയിൽ പങ്കെടുത്ത സ്കൂളുകളുടെ എണ്ണം | | | | | പങ്കെടുത്ത കുട്ടികളുടെ എണ്ണം | പങ്കാളിത്തം-അധ്യാപകർ, മറ്റ് ഉദ്യോഗസ്ഥർ | അവതരിപ്പിച്ച റിപ്പോർട്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | | ഗവണ്മെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | കേന്ദ്രീയ വിദ്യാലയം | ആകെ | | | |
| തിരുവനന്തപുരം | 78 | 78 | 520 | 263 | 117 | 0 | 900 | 11800 | 2521 | 888 |
| കൊല്ലം | 73 | 69 | 430 | 331 | 112 | 0 | 902 | 9937 | 2031 | 1006 |
| പത്തനംതിട്ട | 57 | 56 | 238 | 389 | 61 | 3 | 666 | 7010 | 2100 | 643 |
| ആലപ്പുഴ | 78 | 76 | 350 | 256 | 89 | 2 | 697 | 10712 | 2148 | 745 |
| കോട്ടയം | 77 | 76 | 325 | 440 | 93 | 4 | 862 | 11081 | 2137 | 745 |
| ഇടുക്കി | 54 | 48 | 190 | 207 | 50 | 0 | 447 | 7860 | 1712 | 483 |
| എറണാകുളം | 96 | 91 | 309 | 343 | 186 | 1 | 839 | 11466 | 2342 | 830 |
| തൃശ്ശൂർ | 94 | 94 | 281 | 618 | 153 | 4 | 1056 | 13590 | 3837 | 1076 |
| പാലക്കാട് | 95 | 54 | 218 | 292 | 105 | 2 | 617 | 7311 | 2037 | 668 |
| മലപ്പുറം | 106 | 71 | 377 | 510 | 71 | 2 | 960 | 9437 | 2142 | 985 |
| കോഴിക്കോട് | 78 | 63 | 249 | 655 | 116 | 2 | 1094 | 7805 | 2054 | 1029 |
| വയനാട് | 26 | 14 | 110 | 30 | 31 | 0 | 171 | 1155 | 204 | 171 |
| കണ്ണൂർ | 81 | 81 | 313 | 881 | 166 | 5 | 1365 | 14133 | 3611 | 1282 |
| കാസറഗോഡ് | 41 | 41 | 316 | 192 | 43 | 0 | 550 | 5704 | 1201 | 547 |
| TOTAL | 1034 | 912 | 4226 | 5407 | 1393 | 25 | 11126 | 129001 | 30077 | 11098 |

- തൃശ്ശൂർ ജില്ലയിൽ നാട്ടിക, ചൊവ്വന്നൂർ, കൊടുങ്ങല്ലൂർ, അതിരപ്പിള്ളി പഴയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിദ്യാർത്ഥികളുടെ ഹരിത സഭ സംഘടിപ്പിച്ചു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഇതിനോടൊപ്പം മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്ന വിദ്യാലയങ്ങൾക്ക് ഹരിത പദവി സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.
- വയനാട് ജില്ലയിൽ മേപ്പാടി, വൈത്തിരി, തരിയോട്, മുള്ളൻകൊല്ലി, പൂതാടി എന്നീ ഗ്രാമപഞ്ചായത്തുകളിലും, മാനന്തവാടി നഗരസഭയിലും കുട്ടികളുടെ ഹരിത സഭ നടന്നു. വിവിധ സ്കൂളിലെ വിദ്യാർഥികൾ അവരുടെ സ്കൂളിനെ സംബന്ധിച്ച മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും മാതൃകപരമായ പ്രവർത്തനങ്ങളും അവതരിപ്പിച്ചു.

## 10. അഞ്ചുനാട് പരിസ്ഥിതി പുന:സ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

### 10.1 വിപുലമായ വേനൽക്കാല പച്ചക്കറി കൃഷിക്ക് തുടക്കമായി

- ❖ നെല്ല് വിളവെടുപ്പ് പൂർത്തിയായ കുഞ്ചിപ്പെട്ടി കട്ടമുടിക്കുടി പാടശേഖരത്തിൽ വിപുലമായ വേനൽക്കാല പച്ചക്കറി കൃഷിക്ക് തുടക്കമായി. നെൽപ്പാടങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതു ലക്ഷ്യമിട്ടാണ് പദ്ധതി. വിഷു വിപണി മുന്നിൽ കണ്ടുകൊണ്ട് കട്ടമുടിക്കുടി പാടശേഖരസമിതിയും പൊൻകതിർ കൃഷിക്കൂട്ടവും സംയുക്തമായാണ് കൃഷി ഇറക്കുന്നത്. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ അടിമാലി കൃഷി ഭവന്റെയും ശാന്തൻപാറ കൃഷി വിജ്ഞാൻ കേന്ദ്രയുടെയും സംയോജിപ്പിച്ചു കൊണ്ട് പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്തു. കൃഷിഭവന്റെ കാർഷിക കർമ്മ സേനയുടെ ചെറുകിട യന്ത്രങ്ങളും പാടശേഖരത്തിൽ എത്തിച്ചു പ്രവർത്തനങ്ങൾ വേഗത്തിലാക്കി.
- ❖ പാടശേഖരം ചെറുകിട യന്ത്രവൽകൃതമാക്കുന്നതിന്റെ ഭാഗമായി പവർ ടില്ലർ, പവർ സ്പേയറുകൾ, ജലസേചന പമ്പുകൾ, നെല്ല് മെതിയന്ത്രം, കാടുവെട്ടി യന്ത്രങ്ങൾ അടക്കം 8 ലക്ഷം രൂപയുടെ സമഗ്ര പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. കട്ടമുടി പ്രദേശം ഹരിത പ്രദേശമാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കേരള NGO യൂണിയൻ ബയോ ബിന്നുകൾ വിതരണം ചെയ്തു.

### 10.2 കുഞ്ചിപ്പെട്ടി അരി ബ്രാൻഡ് നാടിന് സമർപ്പിച്ചു

- ❖ കട്ടമുടിക്കുടി പാടശേഖരത്തിൽ വിളഞ്ഞ നെല്ല് ഇനിമുതൽ കുഞ്ചിപ്പെട്ടി അരി എന്ന ബ്രാൻഡിൽ വിപണിയിലെത്തും. ബ്രാൻഡ് ചെയ്ത അരിയുടെ ആദ്യ പാക്കറ്റ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു പാടശേഖരസമിതിയിൽ നിന്നും ഏറ്റുവാങ്ങി. ബ്രാൻഡ് ചെയ്ത് അരിയുടെ ലോഗോയും പ്രകാശനം ചെയ്തു. തട്ടേക്കാട് ഫോറസ്റ്റ് ഗസ്റ്റ് ഹൗസിൽ വച്ചാണ് ചടങ്ങ് നടന്നത്.
- ❖ നെല്ല് വ്യാവസായിക അടിസ്ഥാനത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉടൻ ആരംഭിക്കും. രണ്ട് മാസത്തിനുള്ളിൽ അരി വിപണിയിൽ ലഭ്യമാകും. പാടശേഖരത്തെ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി 7 ലക്ഷം രൂപയുടെ വിവിധ കാർഷിക യന്ത്രങ്ങളുടെ പദ്ധതി ഉടൻ നടപ്പിലാക്കും. ഹരിത കേരളം മിഷൻ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## 11. ഗ്രീൻ പ്രോട്ടോകോൾ

- ❖ എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരമറ്റം പള്ളി ചന്ദനക്കുടം കൊടികുത്തു ഉറൂസ്, തുരുത്തിക്കര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ പ്രസാദ ഊട്ട് ഹരിത പ്രോട്ടോകോൾ പ്രകാരം നടത്തി.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ കടവന്ത്ര പൊലൂഷൻ കൺട്രോൾ ബോർഡിൽ വെച്ച് ആലുവ ശിവരാത്രി മഹോത്സവം നടത്തിപ്പ് ഹരിത പ്രോട്ടോകോൾ പ്രകാരം നടത്തുന്നതുമായി ബന്ധപ്പെട്ട യോഗം നടത്തി.
- ❖ എറണാകുളം ജില്ലയിൽ മഹാരാജാസ് കോളേജിൽ അധ്യാപകർക്കും മറ്റു ജീവനക്കാർക്കും, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് അങ്കണവാടി ടീച്ചർമാർക്കും ഗ്രീൻ ക്യാമ്പസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ടോക്ക് നടത്തി.

## 12. തനത് പ്രവർത്തനങ്ങൾ

### 12.1 ഹരിതഗ്രന്ഥാലയം

മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടത്തിയ ഗ്രന്ഥാലയം / വായനശാലകളുടെ ഹരിത ഓഡിറ്റ് സർവ്വെ നടന്നു. കാസർഗോഡ് ജില്ലാ ഹരിതപദവി നേടിയ ഗ്രന്ഥാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഡോ.ടി.എൻ സീമ നിർവഹിച്ചു. ജില്ലയിലെ 41 ഗ്രന്ഥാലയങ്ങൾ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. ഹരിത കേരളം മിഷനും ജില്ലാ ലൈബ്രറി കൗൺസിലും സംയുക്തമായിട്ടാണ് സർവ്വെ നടത്തിയത്. ഹരിതപ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള

ഗ്രന്ഥശാല പരിപാടികളും, ചുറ്റുപാടും മാലിന്യസംസ്കരണം, കൃഷി തുടങ്ങിയ മേഖലകളാണ് വിലയിരുത്തിയത്.

## 12.2 ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായിട്ടുള്ള ജലബന്ധാരയുടെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കും. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് വികടോറിയ കോളേജിലെ 3 NSS യൂണിറ്റുകൾ ശേഖരിച്ച 1000 കരിമ്പന വിത്തുകൾ സൂക്ഷിച്ച് നേഴ്സറിയാക്കി ജൂൺ 5 അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിൽ നടുന്നതിനു കുന്നന്നൂർ, കോങ്ങാട്, അനങ്ങനടി ഫാമുകൾക്ക് ഫെബ്രുവരി 13 നു കൈമാറും.

## 12.3 കബനിക്കായി വയനാട് ക്യാമ്പയിനിന്റെ ആവാസ വ്യവസ്ഥാ പഠനം

കബനിക്കായി വയനാട് ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷനും വൈത്തിരി ഗ്രാമപഞ്ചായത്തും പൂക്കോട് വെറ്ററിനറി സർവകലാശാലയും സംയുക്തമായി വൈത്തിരി പുഴയുടെ ഇരുവശങ്ങളിലും 3 മീറ്റർ വീതം നീളത്തിൽ ആവാസ വ്യവസ്ഥ പഠനത്തിന്റെ ഔപചാരികമായ തുടക്കം കുറിച്ചു. ആവാസ വ്യവസ്ഥ പഠനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. പുഴയുടെ ഇരുവശങ്ങളിലുമുള്ള തവള, ചിത്രശലഭം, തുമ്പി, ഷഡ്പദങ്ങൾ, മത്സ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനമാണ് നടത്തുന്നത്. പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ തിരഞ്ഞെടുക്കപ്പെട്ട NSS വൊളണ്ടിയർമാർ, പി ജി വിദ്യാർഥികൾ എന്നിവർ ചേർന്ന് മാർച്ച് ആദ്യവാരം മുതൽ ആവാസ വ്യവസ്ഥ പഠനം ആരംഭിക്കും.

## 12.4 പൊന്മുടി ഹരിത ടൂറിസം കേന്ദ്രം ശുചീകരണ പ്രവർത്തനം

- ❖ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ പെരിങ്ങമ്മല പഞ്ചായത്തിലെ പൊന്മുടി' ടൂറിസം കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഹരിത കേരളം മിഷനും സന്നദ്ധ സംഘടനയായ 'യങ് ഇന്ത്യ' തിരുവനന്തപുരം ചാപ്റ്ററിന്റെയും നേതൃത്വത്തിൽ ആണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. 'യങ് ഇന്ത്യ' ടീം, വിളപ്പിൽശാല സരസ്വതി കോളേജിലെ വിദ്യാർത്ഥികൾ, ഹരിത കേരളം മിഷൻ ടീം അംഗങ്ങൾ, വനസംരക്ഷണ സമിതി അംഗങ്ങൾ പെരിങ്ങമ്മല പഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ഉൾപ്പെടെ 220 പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.
- ❖ പൊന്മുടി അപ്പർ സാനിട്ടോറിയം മുതൽ പൊന്മുടി എസ്റ്റേറ്റ് റോഡ് വരെയുള്ള പ്രദേശം 5 ഭാഗമായി തിരിച്ച് അവിടങ്ങളിൽ ടീം അംഗങ്ങളെ വിന്യസിച്ചാണ് ശുചീകരണ പ്രവർത്തനം നടത്തിയത്. ശുചീകരണ പ്രവർത്തനത്തിലൂടെ ശേഖരിച്ച 80 ചാക്ക് അജൈവ വസ്തുക്കൾ പഞ്ചായത്ത് അധികൃതർക്ക് കൈമാറി. യങ് ഇന്ത്യ പ്രതിനിധികളിൽ നിന്നും, ടൂറിസം കേന്ദ്രത്തിൽ സ്ഥാപിക്കുന്നതിനുള്ള ബിന്നുകൾ പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഏറ്റുവാങ്ങി.

## 12.5. സുസ്ഥിര തൃത്താല

- ❖ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.
- ❖ 2025 ജനുവരി 5 നു തൃത്താല മണ്ഡലത്തിൽ സുസ്ഥിര തൃത്താലയുമായി ചേർന്ന് കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന തല ഉദ്ഘാടന പരിപാടിയുടെ സംഘാടക സമിതി യോഗം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ നടന്നു.
- ❖ 2025 ജനുവരി 17 നു MGNREGS മിഷൻ ഡയറക്ടർ & കില ഡയറക്ടർ ജനറലുമായ നിസാമുദ്ദീൻ IAS ന്റെ അധ്യക്ഷതയിൽ സുസ്ഥിര തൃത്താല അവലോകന യോഗം നടന്നു.
- ❖ സുസ്ഥിര തൃത്താല റിപ്പോർട്ട് പ്രകാശനവും ആശയ വിനിമയ ശില്പശാലയും പാലക്കാട് കാസർഗോഡ് ജില്ലകളുടെ സംയോജിത ജലവിഭവ പരിപാലന റിപ്പോർട്ടുകളുടെ പ്രകാശനവും വെബ്സൈറ്റ് സമർപ്പണവും 2025 ജനുവരി 25 നു നടന്നു.

**സുസ്ഥിര തൃത്താല ഡോക്യുമെന്റ് പ്രകാശനം**

- 2025 ജനുവരി 25 നു പാലക്കാട് തൃത്താലയിൽ WASCA 11 DPR പ്രകാശനവും വെബ്സൈറ്റ് സമർപ്പണവും തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് നിർവ്വഹിച്ചു. സുസ്ഥിര തൃത്താല റിപ്പോർട്ട് പ്രകാശനവും ഓൺലൈൻ ഡോക്യുമെന്റേഷൻ ഉദ്ഘാടനവും വൈദ്യുതി വകുപ്പ് മന്ത്രി.കെ. കൃഷ്ണൻകുട്ടി നിർവ്വഹിച്ചു.

## 13. പാറക്വാറി റീച്ചാർജിങ്

- വയനാട് ജില്ലയിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ രായിൻകുട്ടി ക്വാറികുളം ജലസേചന ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നതിനുള്ള പരിശോധന നടന്നു. ഹരിത കേരളം മിഷനും അമ്പലവയൽ ഗ്രാമപഞ്ചായത്തും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചെറുകിട ജലസേചന വകുപ്പും സംയുക്തമായാണ് ഫീൽഡ് ലെവൽ പരിശോധന നടത്തിയത്. ജലസേചന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വിശദമായ പ്രോജക്റ്റ് റിപോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കും. ജലസേചനം ഉപയോഗപ്പെടുന്ന അയാകട് ഏരിയ കൃഷി വകുപ്പ് ലഭ്യമാക്കും.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.01.2025 വരെ കരാറിലേർപ്പെട്ട 5,41,316 ഗുണഭോക്താക്കളിൽ 4,29,425 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,53,581 | 3,48,566 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,693 | 27,253 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,41,316** | **4,29,425** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**

**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) - 1,00,000
2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,00,052
2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ - 37,706
**ആകെ** - **1,37,758**
2024-25 വർഷം പൂർത്തീകരിച്ച വീടുകൾ - 25,867
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,11,891

റൂഫ് - 14,475
ലിൻറിൽ - 14,202
ബേസ്മെൻറ് - 16,981
നിർമ്മാണം ആരംഭിച്ചവർ - 51,332
നിർമ്മാണം ആരംഭിക്കാത്തവ - 14,905
**ആകെ - 1,11,891**

| 2024 ഡിസംബർ വരെ | 2024 ജനുവരി മാസം | 2024 ജനുവരി വരെ |
|---|---|---|
| **4,24,800** | **4,625** | **4,29,425** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 5,864
വീടും സ്ഥലവും വേണ്ടവർ - 5,186
**ആകെ - 11,050**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 5,514 കുടുംബങ്ങളിൽ 3,459 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,66,590 |
| ഭൂരഹിത ഭവനരഹിതർ | 1,94,964 |
| ആകെ | 5,61,554 |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.01.2025 വരെ 1,13,064 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2024 നവംബർ വരെ | 2024 ജനുവരി മാസം | 2024 ജനുവരി വരെ |
|---|---|---|
| 1,10,981 | 2,083 | 1,13,064 |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 31.01.2025 വരെ 2038.815 സെന്റ് (20.38 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ **MoU** ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ടിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**പ്രൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രി എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

ഗുണമേന്മാ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടനവധി പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം ജില്ലാ തലങ്ങളിൽ വിദ്യാകിരണം മിഷൻ സക്രിയമായി പങ്കെടുത്തു.

| ജില്ല | കിഫ്ബി പദ്ധതിയിൽ അനുവദിച്ച ആകെ സ്കൂളുകൾ | | | | പൂർത്തീകരിച്ച സ്കൂളുകൾ | | | | പൂർത്തിയാക്കാനുള്ള സ്കൂളുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 5 കോടി | 3 കോടി | 1 കോടി | ആകെ | 5 കോടി | 3 കോടി | 1 കോടി | ആകെ | 5 കോടി | 3 കോടി | 1 കോടി | ആകെ |
| തിരുവനന്തപുരം | 14 | 38 | 55 | 107 | 14 | 19 | 11 | 44 | ------ | 19 | 44 | 63 |
| കൊല്ലം | 11 | 34 | 31 | 76 | 11 | 16 | 4 | 31 | ------ | 18 | 27 | 45 |
| പത്തനംതിട്ട | 5 | 11 | 3 | 19 | 5 | 6 | 2 | 13 | ------ | 5 | 1 | 6 |
| ആലപ്പുഴ | 9 | 16 | 24 | 49 | 9 | 10 | 3 | 22 | ------ | 6 | 21 | 27 |
| ഇടുക്കി | 5 | 6 | 12 | 23 | 5 | 3 | 6 | 14 | ------ | 3 | 6 | 9 |
| കോട്ടയം | 9 | 4 | 9 | 22 | 8 | 3 | 4 | 15 | 1 | 1 | 5 | 7 |
| എറണാകുളം | 15 | 9 | 25 | 49 | 15 | 7 | 6 | 28 | ---- | 2 | 19 | 21 |
| തൃശ്ശൂർ | 13 | 21 | 32 | 66 | 11 | 19 | 18 | 48 | 2 | 2 | 14 | 18 |
| പാലക്കാട് | 12 | 41 | 36 | 89 | 12 | 11 | 24 | 47 | ----- | 30 | 12 | 42 |
| മലപ്പുറം | 16 | 86 | 65 | 167 | 16 | 36 | 35 | 87 | ----- | 50 | 29 | 79 |
| കോഴിക്കോട് | 13 | 45 | 31 | 89 | 13 | 21 | 15 | 49 | ----- | 24 | 16 | 40 |
| വയനാട് | 3 | 13 | 30 | 46 | 3 | 9 | 17 | 29 | ----- | 4 | 13 | 17 |
| കണ്ണൂർ | 11 | 35 | 40 | 86 | 11 | 12 | 25 | 48 | ----- | 23 | 15 | 38 |
| കാസർഗോഡ് | 5 | 27 | 53 | 85 | 5 | 10 | 28 | 43 | ----- | 17 | 25 | 42 |
| **ആകെ** | **141** | **386** | **446** | **973** | **138** | **182** | **198** | **518** | **3** | **204** | **247** | **454** |

- കൊല്ലം ജില്ലയിൽ ജി യു പി എസ് വെള്ളൂപ്പാറയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ നിർമ്മാണോദ്ഘാടനം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ ചിഞ്ചുറാണി നിർവ്വഹിച്ചു.
- ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഗവ മുഹമ്മദൻസ് സ്കൂളിൽ മുൻ മന്ത്രി ശ്രീ.ജി.സുധാകരന്റെയും എച്ച് സലാം MLA യുടെയും ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച (76 ലക്ഷം) സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 27.01.2025 ന് മന്ത്രി ശ്രീ പി പ്രസാദ് നിർവ്വഹിച്ചു.
- ആലപ്പുഴ ജില്ലയിലെ നീർക്കുന്നം ശ്രീദേവി വിലാസം ഗവ യു പി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ക്ലാസ് മുറികളുടെയും കിച്ചൺ കം ഡൈനിങ് ഹാളിന്റെയും ഉദ്ഘാടനം മന്ത്രി ശ്രീ സജി ചെറിയാൻ 24.01.2025 ന് നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 1.39 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്.
- തൃശ്ശൂർ ജില്ലയിൽ ജനുവരി 3 ന് ഗവ. എൽ പി സ്കൂൾ പുത്തൂരിന്റെ മൂന്നാമത്തെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ നിർവഹിച്ചു. അതോടൊപ്പം രണ്ട് കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന എൽ പി എസ് പട്ടിക്കാട് സ്കൂൾ കെട്ടിട നിർമ്മാണ ഉദ്ഘാടനവുംഅന്നേദിവസം നടക്കുകയുണ്ടായി. കുന്നംകുളം ഗവ. മോഡൽ ഹയർസെക്കൻഡറി സ്കൂളിൽ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഒന്നരക്കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ ലാബ് സമുച്ചയം എ. സി. മൊയ്തീൻ എം. എൽ.എ. ഉദ്ഘാടനം ചെയ്തു. രണ്ട് കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പുത്തൂരിലെ കെട്ടിട ഉദ്ഘാടനം ജനുവരി 14ആം തീയതി നടന്നു.
- മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ജി വി എച്ച് എസ് എസിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഒരു കോടി

രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി സന്ദേശം നൽകി നിർവ്വഹിച്ചു. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ദേവധാർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ 5.5 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച കെട്ടിടം മന്ത്രി വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.

- ❖ താനൂർ നിയോജക മണ്ഡലത്തിലെ ജിഎച്ച്എസ്എസ് നിറമരുതൂർ സ്കൂളിൽ ഗ്രൗണ്ട് വികസനവും അനുബന്ധ പ്രവർത്തനങ്ങളും പദ്ധതിയിൽ നിർമ്മിച്ച മൾട്ടി പർപ്പസ് സ്റ്റേഡിയത്തിന്റെയും ഗാലറിയുടെയും ഉദ്ഘാടനം ബഹു ന്യൂനപക്ഷ ക്ഷേമ- കായിക, റെയിൽവേ വകുപ്പ് മന്ത്രി ശ്രീ .വി . അബ്ദുറഹിമാൻ നിർവഹിച്ചു. ഒരു കോടി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച മരുത ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം ബഹു. കായികവകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.
- ❖ 2021- 22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുങ്കത്തറ കൊന്നമണ്ണ ഗവ. യുപി സ്കൂളിന് അനുവദിച്ച ഒരു കോടി രൂപയുടെ കെട്ടിടഉദ്ഘാടനം ബഹു. കായികവകുപ്പ് മന്ത്രി ശ്രീ. വി അബ്ദുറഹ്മാൻ നിർവഹിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

### തനത് പ്രവർത്തനങ്ങൾ

- ❖ കൊല്ലം ജില്ലയിൽ സ്കഫോൾഡ് പദ്ധതിയുടെ ഭാഗമായി ജില്ലാതല ദ്വിദിന റസിഡൻഷ്യൽ ക്രിയേറ്റീവ് ശിൽപ്പശാല നടന്നു. തെരഞ്ഞെടുക്കപ്പെട്ട 40 ഒന്നാം വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കാണ് ജനുവരി 17, 18 തീയതികളിൽ കൊട്ടിയം അനിമേഷൻ സെന്ററിൽ വച്ച് ശില്പശാല സംഘടിപ്പിച്ചത്.
- ❖ കോട്ടയം ജില്ലയിൽ സ്കഫോൾഡ് ബാച്ച് 3 ഒന്നാം വർഷ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ജില്ലാതല ദ്വിദിന റസിഡൻഷ്യൽ ക്യാമ്പ് 2025 ജനുവരി 24,25 തീയ്യതികളിൽ ക്രിസ്റ്റീൻ റിട്രീറ്റ് സെന്ററിൽ വച്ച് നടന്നു.
- ❖ പര്യാപ്തത ജില്ലാതല സെമിനാർ : കൊല്ലം ജില്ലയിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ട്രെയിനർമാർ, ക്ലസ്റ്റർ കോർഡിനേറ്റർമാർ എന്നിവർ നടത്തിയ വിദ്യാലയ പിന്തുണ പരിപാടിയുടെ ഭാഗമായി നേടിയ അനുഭവങ്ങളുടെ ക്രോഡീകരണത്തിനായി ബി ആർ സി തല സെമിനാറുകൾ സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി കൊട്ടിയം ക്രിസ്തു ജ്യോതിസ് അനിമേഷൻ സെന്ററിൽ വച്ച് 10.01.2025 ൽ ജില്ലാതല സെമിനാർ അവതരണങ്ങൾ നടന്നു.

### ബഡ്ഡിംഗ് റൈറ്റേഴ്സ്

- ❖ എഴുത്തുകൂട്ടം, വായനക്കൂട്ടം : 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വായന പരിപോഷണവും സർഗാത്മക വികസനവും ലക്ഷ്യമാക്കി സമഗ്രശിക്ഷാ കേരളം നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് ബഡ്ഡിംഗ് റൈറ്റേഴ്സ്, ഭാഷ പ്രയോഗത്തെ ആശയ വിനിമയ ഉപാധി എന്നതിനപ്പുറം അനുഭൂതി വിനിമയമെന്ന നിലയിൽ വളർത്തുവാനാവശ്യമായ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ സാധ്യമാക്കുന്നത്. ഇതിനായി ആലപ്പുഴ ജില്ലയിലെ എല്ലാ ബി.ആർ.സികളിലും സ്കൂൾ അധ്യാപകർക്കായുള്ള ശിൽപ്പശാല സംഘടിപ്പിച്ചു. ഇടുക്കി ജില്ലയിൽ അധ്യാപകർക്കുള്ള ബിആർസിതല ശിൽപശാലകൾ പൂർത്തീകരിച്ചു.
- ❖ കോട്ടയം ജില്ലയിലെ സേവാസ് പദ്ധതിയിൽ ഉൾപ്പെടുന്ന പഞ്ചായത്തായ കോരുത്തോട് പഞ്ചായത്തിൽ ബി.ആർ.സി കാഞ്ഞിരപ്പള്ളിയുടെ നേതൃത്വത്തിൽ ഐ മൈക്രോ സർജറി & ലേസർ സെന്റർ ഐ ഹോസ്പിറ്റൽ, തിരുവല്ലയും ലയൺസ് ക്ലബ് ഇന്റർനാഷണൽ 318 ബി. തിരുവല്ലയും ചേർന്ന് സൗജന്യ നേത്രപരിശോധനാക്യാമ്പും കണ്ണട വിതരണവും 2025 ജനുവരി 30, 31 തീയതികളിലായി ജി.റ്റി.എ ച്ച്.എസ് കൊമ്പുകുത്തി, ജി.എച്ച്.എസ് പനയ്ക്കച്ചിറ, ജി.എൽ.പി.എസ് പുഞ്ചവയൽ എന്നീ സ്കൂളുകളിൽ സംഘടിപ്പിച്ചു. പൊതുജനങ്ങളും അധ്യാപകരും, വിദ്യാർത്ഥികളും ഉൾപ്പെടെ 350 പേർ ക്യാമ്പിൽ പങ്കെടുത്തു.
- ❖ വയനാട് ജില്ലയിൽ ബി.ആർ.സി മാനന്തവാടിയുടെ നേതൃത്വത്തിൽ സേവാസ് പദ്ധതിയുടെ ഭാഗമായി 2025 ജനുവരി മാസത്തിൽ മാനന്തവാടി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ഗവൺമെൻറ് യു പി സ്കൂൾ ബാവലി, ഗവൺമെൻറ് എൽ പി സ്കൂൾ പനവല്ലി എന്നിവിടങ്ങളിൽ പത്തു ദിവസം നീണ്ടു നിൽക്കുന്ന പ്രത്യേക പഠനക്യാമ്പുകൾ സംഘടിപ്പിച്ചു. ജി.എച്ച്.എസ്.എസ് കാട്ടിക്കുളം,

ജി.എച്ച്.എസ്.എസ് തോൽപ്പെട്ടി എന്നിവിടങ്ങളിൽ അധ്യാപക ശാക്തീകരണ പരിപാടികളും സംഘടിപ്പിച്ചു.

❖ ലഹരിക്കെതിരായ ബോധവൽക്കരണ പരിപാടി കാഞ്ഞിരപ്പള്ളി ബിആർസിയുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ 'ക്ലീൻ ല' എന്ന പേരിൽ സംഘടിപ്പിച്ചു. യുപി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കാണ് ബോധവൽക്കരണ പരിപാടി നടന്നത്.

❖ കോട്ടയം ജില്ലയിലെ എസ്.എസ്.എൽ.സി കുട്ടികൾക്കുള്ള പഠന പിന്തുണ- ബി.ആർ.സി പാമ്പാടി-ബി.ആർ.സി പാമ്പാടിയുടെ നേതൃത്വത്തിൽ സബ്ജില്ലയിലെ പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പത്തരമാറ്റ് 2K25 എന്ന പേരിൽ കുട്ടികൾക്കുള്ള പഠനപിന്തുണാക്ലാസ് സംഘടിപ്പിച്ചു.

**ടിങ്കറിംഗ് ലാബ്**

❖ വിദ്യാർത്ഥികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും പഠനത്തെ ആസ്വാദകരമായ അനുഭവമാക്കി മാറ്റുന്നതിനും സെൻറർ ഫോർ ഏർളി ഇന്നവേഷന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെ സമഗ്രശിക്ഷ കേരളം നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ടിങ്കറിംഗ് ലാബുകൾ. ഇടുക്കി ജില്ലയിൽ പുതിയതായി അനുവദിക്കപ്പെട്ട രണ്ട് ലാബുകൾ ഉൾപ്പടെ 6 ടിങ്കറിംഗ് ലാബുകൾ പ്രവർത്തന സജ്ജമാണ്.

**വർണ്ണകൂടാരം**

❖ പ്രീ-പ്രൈമറി വിദ്യാഭ്യാസം ആകർഷകമാക്കുന്നതിന് നിരവധിയായിട്ടുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ചെറിയ പ്രായത്തിൽ തന്നെ പ്രവർത്തനാധിഷ്ഠിത ഇടങ്ങൾ ഒരുക്കി പഠനം ആകർഷകമാക്കി മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് വർണ്ണക്കൂടാരം പദ്ധിതിയി ലൂടെ ലക്ഷ്യമിടുന്നത്. ഇടുക്കി ജില്ലയിലെ 45 അംഗീകൃത സർക്കാർ പ്രീ-സ്കൂളുകളിൽ വർണ്ണകൂടാരത്തിനായി 10 ലക്ഷം രൂപ വീതം അനുവദിക്കുകയും, അവ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 കാലയളവിൽ അനുവദിച്ച 14 പ്രീസ്കൂളുകളിൽ ഒക്ടോബർ മാസത്തോടെ 10 ഇടങ്ങളിൽ ഉദ്ഘാടനം പൂർത്തീകരിച്ചിട്ടുണ്ട്.

**Stream ഹബ്ബ് സ്കൂൾമോഡ്യൂൾ ബേസ്ഡ് വർക്ക് ഷോപ്പുകൾ**

❖ പാലക്കാട് ജില്ലയിലെ 13 ബി ആർ സി കളിലെയും ഹബ്ബ് സ്കൂളുകൾ കേന്ദ്രീകരിച്ച് വർക്ക് ഷോപ്പുകൾ പുരോഗമിക്കുന്നു. LIGHTS UP എന്ന പേരിൽ സംസ്ഥാനതലത്തിൽ വിഭാവനം ചെയ്യപ്പെട്ട വർക്ക് ഷോപ്പിൽ എൽഇഡി ബൾബുകളുടെ നിർമ്മാണവും റിപ്പയറിങ്ങും ആണ് പ്രധാനമായും ഫോക്കസ് ചെയ്തത്. ഉപകരണങ്ങൾ പരിചയപ്പെടുന്നതോടൊപ്പം STREAM എക്കോ സിസ്റ്റത്തിന്റെ ഭാഗമായി അനുവദിച്ച ലാബിലെ ഉപകരണങ്ങൾ കാണുവാനും ഓരോ പ്രവർത്തനരീതിയും ലക്ഷ്യങ്ങളും കൃത്യമായി ബോധ്യപ്പെടുത്തുന്നതിനുള്ള അവസരമായിട്ടാണ് വർക്ക്ഷോപ്പ് വിഭാവനം ചെയ്തത്.

❖ പ്രീ പ്രൈമറി അധ്യാപകർക്കുള്ള പരിശീലനം പാലക്കാട് ജില്ലയിൽ ആരംഭിച്ചു. മലമ്പുഴ ലീഡ്സ് കോളേജ് ഓഫ് മാനേജ്മെന്റ്, ഐആർടിസി മുണ്ടൂർ എന്നീ രണ്ട് കേന്ദ്രങ്ങളിൽ ആയിട്ടാണ് പ്രീ പ്രൈമറി അധ്യാപകർക്കുള്ള പരിശീലനം സംഘടിപ്പിച്ചത്. സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വർണ്ണ കൂടാരം പദ്ധതിയുടെ മികച്ച പ്രതിഫലനങ്ങൾ ക്ലാസ് മുറികളിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള അനുഭവങ്ങളാണ് പരിശീലനത്തിൽ പങ്കാളികൾക്ക് ലഭ്യമാക്കിയത്.

❖ മലപ്പുറം ജില്ലയിൽ കുട്ടികളുടെ സാമൂഹീകരണ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ, സ്വയം പഠനശേഷി, പ്രതിഭാ ശേഷി സർഗ്ഗശേഷികൾ എന്നിവ പരിപോഷിപ്പിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും ഉള്ള ഇടം ഒരുക്കൽ എന്നീ ലക്ഷ്യങ്ങളോടെ കുറ്റിപ്പുറം ബി ആർ സി ക്ക് കീഴിലെ പ്രാദേശിക പ്രതിഭാ കേന്ദ്രത്തിലെ വിദ്യാർഥികൾക്കായി ഏകദിന ശില്പശാല ദ്യുതി 2024 എന്ന തനത് പരിപാടി സംഘടിപ്പിച്ചു.

❖ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബിആർസി യിൽ ഭിന്നശേഷി കുട്ടികളുടെ സാങ്കേതിക മികവ് ലക്ഷ്യമാക്കി "സൈബോർഗ് "റോബോട്ടിക് ശില്പശാല സംഘടിപ്പിച്ചു. ഏകദിന റോബോട്ടിക്ക്

ശില്പശാലയിൽ ഭിന്നശേഷി കുട്ടികളുടെ പ്രകടനം. പ്രായോഗിക പഠനത്തിലൂടെ റോബോട്ടിക്സിന്റെ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കി ആധുനിക സാങ്കേതിക വിവരങ്ങൾ മനസ്സിലാക്കുകയും സ്വായത്തമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊണ്ടോട്ടി ബി ആർസി വിവിധ സ്കൂളുകളിൽ നിന്നായി 27 ഭിന്നശേഷി കുട്ടികളെ ശില്പശാലയിൽ പങ്കെടുപ്പിച്ചു.

### ബീച്ച് ടു ബെഞ്ച് പഠനോത്സവം

- ❖ തീരദേശ വിദ്യാലയങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് സമഗ്രശിക്ഷാ കേരളം നടപ്പിലാക്കുന്ന സവിശേഷമായ പദ്ധതിയാണ് ബിച്ച് ടു ബെഞ്ച്. ഈ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ബി.ആർ.സികളി ലൊന്നാണ് താനൂർ. തീരദേശ മേഖലയിലെ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെയും സന്തോഷകരവുമായ അന്തരീക്ഷത്തിലും സ്കൂൾതല പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിനായി തീരദേശ മേഖലയിലെ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ പഠനതാത്പര്യവും പഠനനിലവാരവും വർദ്ധിപ്പിക്കുന്നതിനും വൈവിധ്യങ്ങളായ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളാണ് ഇതിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. 10 കിലോമീറ്റർ ദൈർഘ്യമുള്ള താനൂർ തീരദേശ മേഖലയിലെ 10 സ്കൂളുകളുകളാണ് ഈ പദ്ധതിയിൽ കീഴിൽ വരുന്നത്. പദ്ധതിയുടനുബന്ധിച്ച് ജി ആർ എഫ് ടി എച്ച്എസ് താനൂർ, എസ് എം എം എച്ച് എസ് രായിരിമംഗലം സ്കൂളുകളിൽ കളിവീട് പഠനോത്സവം സംഘടിപ്പിച്ചു.
- ❖ റിപ്പബ്ലിക് ദിനാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ, കോട്ടൂർ എ.കെ.എം. ഹയർസെക്കൻഡറി സ്കൂളിലെ എൻ.എസ്. എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ മനുഷ്യനിർമ്മിത ഭൂപടം ഒരുക്കി. വിദ്യാർഥികളും അധ്യാപകരുമടക്കം 7,250 പേർ അണി ചേർന്നുകൊണ്ടാണ് ഭൂപടം പൂർണ്ണമാക്കിയത്.

### WAY TO PEAK അക്കാദമിക മികവ് പദ്ധതി

- ❖ വയനാട് വിദ്യാഭ്യാസ ജില്ലയിൽ SSLC പൊതുപരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന ഗ്രേഡ് നേടിക്കൊടുക്കുന്നത് മുൻനിർത്തി ജില്ലയിൽ ഈ വർഷം നടപ്പാക്കുന്ന പദ്ധതിയാണ് WAY TO PEAK. വിദ്യാലയങ്ങളിൽ 100% വിജയം കൂടാതെ A+കളുടെ എണ്ണം വർദ്ധിപ്പിക്കൽ, D,E ഗ്രേഡുകാർക്കുള്ള സവിശേഷ പിന്തുണാ പ്രവർത്തനങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും നടന്നുവരുന്നു. പ്രധാനാധ്യാപക കൺവീനർമാരുടെ ജില്ലാതല യോഗങ്ങളിലെ വിലയിരുത്തൽ, എസ് ആർ ജി യോഗങ്ങൾ, വിഷയാധിഷ്ഠിത യോഗങ്ങൾ, SITC യോഗം, വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾ മോണിറ്ററിങ് തുടങ്ങിയ ഇടപെടലുകൾ ഇതിന്റെ ഭാഗമായി ജില്ലയിൽ നടന്നുവരുന്നു.

### സ്റ്റുഡൻസ് സഭ

- ❖ സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളെ വിദ്യാർത്ഥി സമൂഹവുമായി കൂടുതൽ അടുപ്പിക്കുന്നതിനായി രാജ്യത്ത് ആദ്യമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റുഡൻസ് സഭ. കണ്ണൂർ ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥി പ്രതിനിധികൾ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട അവരുടെ വികസന പ്രശ്നങ്ങൾ, പ്രതീക്ഷകൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ ഉൾപ്പടെ വികസനവുമായി ബന്ധപ്പെട്ട പത്തു പ്രധാനമേഖലകൾ കണ്ടെത്തുകയും MLA-യുമായി പങ്കുവയ്ക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യും. മണ്ഡലത്തിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുമാണ് സ്റ്റുഡന്റ് സഭയിൽ പങ്കെടുക്കുക.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 19 (44%) | 14 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 151 | 91 (60%) | 25 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 711 (80%) | 61 |

## 2) വാർഷിക ആരോഗ്യ പരിശോധന

- ❖ 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- ❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/01/2025 മുതൽ 31/01/2025 വരെ 17,46,574 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7,53,566 (43%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 31,144 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 31,380 (2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 58,678 (3%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 34,046 (2%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 5,10,080 (29%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 62,907 (4%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 18,007 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- ❖ 2025 ജനുവരി മാസത്തിൽ മാത്രം (01/01/2025 മുതൽ 31/01/2025 വരെ) ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 1,982 (ആകെ പരിശോധിച്ചവരിൽ 12%) പേർക്ക് രക്താതിമർദ്ദവും 208 (ആകെ പരിശോധിച്ചവരിൽ 0.2%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- ❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 3,48,638 (20%) പേരുടേയും പ്രമേഹം മാത്രമുള്ള 1,56,671 (9%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.
- ❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ തുടർ സ്ക്രീനിങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള ജനകീയ ആരോഗ്യ കേന്ദ്രം പോർട്ടൽ ഇ ഹെൽത്ത് വികസിപ്പിച്ചു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- ❖ 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,98,419 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ 2025 ജനുവരി മാസത്തിൽ മാത്രം (01/01/2025 മുതൽ 31/01/2025 വരെ) 17,46,574 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 31,144 (1.7%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ്

പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

- ❖ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാനമൊട്ടാകെ ഒരു ജനകീയ ക്യാമ്പയിൻ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരുടെയും സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് ഈ കാലയളവിൽ സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ഈ കാൻസർ ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം പത്തനംതിട്ടയിൽ കുടുംബശ്രീ പ്രവർത്തകരുടെ സാന്നിധ്യത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക കാൻസർ ദിനമായ ഫെബ്രുവരി 4ന് വൈകുന്നേരം 4 മണിക്ക് ടാഗോർ തീയറ്ററിൽ വച്ച് ബഹു: മുഖ്യമന്ത്രി നിർവഹിക്കും.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങളും പുരോഗമിക്കുന്നു.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള

സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,61,918 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 30,168 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 95,902 (0.9%) കിടപ്പുരോഗികളും 1,57,990 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 32,38,547 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- ❖ 2025 ജനുവരി മാസത്തെ (01/01/2025 മുതൽ 31/01/2025 വരെ) സർവേയിൽ 17,46,574 (9.6%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 14,208 (0.8%) കിടപ്പുരോഗികളും 25,703 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 5,90,927 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 32,853 (1.8%) പേർക്ക് വാർദ്ധക്യ സഹജമായ

ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.

- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- ❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ്പ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) , പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.
- ❖ പാലിയേറ്റീവ് കെയർ സേവനങ്ങൾ സംയോജിതമായ രീതിയിൽ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ മുഴുവൻ സേവനനദാതാക്കളെയും ഉൾപ്പെടുത്തിയുള്ള ഗ്രിഡ് സംവിധാനമാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ ആരംഭിച്ചു.
- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- ❖ 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- ❖ സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

## 6) എകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് 2024 ഒക്ടോബറിൽ സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ❖ ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശസർക്കാരുകളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശസർക്കാരുകളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ൻസ് ടൂൾ കിറ്റ് സംബന്ധിച്ച് പമ്പാബേസിൻ ജില്ലകളിലെ ഏകാരോഗ്യം പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രാഥമിക പരിശീലനം നൽകി.

- ഏകാരോഗ്യം പരിപാടിയിൽ ശേഷിക്കുന്ന ഒന്നര വർഷം ജില്ലകളിൽ നടപ്പാക്കേണ്ട പരിപാടികളുടെ പ്ലാൻ തയ്യാറാക്കിവരുന്നു. ആരോഗ്യവകുപ്പിനുപുറമേ ഏകാരോഗ്യവുമായി ഏകോപിച്ച് പ്രവർത്തിക്കുന്ന അനുബന്ധവകുപ്പുകളെയും ഉൾപ്പെടുത്തികൊണ്ട് ഏകാരോഗ്യം പരിപാടിയുടെ കീഴിൽ നടപ്പാക്കാൻ പറ്റുന്ന പരിപാടികളുടെ പ്ലാനാണ് തയ്യാറാക്കിവരുന്നത്.
- ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പരിശീലന സാമഗ്രികൾക്ക് അന്തിമരൂപം നൽകുന്നതിനായി 2025 ജനുവരി 8ന് വെറ്റിങ്ങ് ശില്പശാല സംഘടിപ്പിച്ചു. പരിശീലനപരിപാടികൾ മാർച്ച് ആദ്യവാരം ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.
- നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ശില്പശാലയിൽ ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും വിവിധ സന്നദ്ധ സംഘടനകളിലെയും പ്രതിനിധികൾ പങ്കെടുത്തു. ശില്പശാലയിൽ ആക്ഷൻ പ്ലാനിന്റെ കരട് തയ്യാറാക്കി.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.
- കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.
- 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ

ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

### 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ❖ നിലവിൽ സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ❖ ഇതിൽ 51 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 51 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

### 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം

നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

- ❖ കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- ❖ നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 7 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 5 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 10 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

## കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ❖ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നിഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 106 (15%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- ❖ സംസ്ഥാനത്ത് 474 (67%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 126 (18%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 522 (74%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 661 (94%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നിഷ്യനെങ്കിലും ഉള്ളത്.
- ❖ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും നവംബർ മാസത്തെ കണക്ക് പ്രകാരം 172 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- ❖ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 207 (29%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 31 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- ❖ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നവംബർ മാസം ചികിത്സ തേടിയ വ്യക്തികളിൽ 70% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- ❖ 188 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 22 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- ❖ 179 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 15 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- ❖ 499 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- ❖ നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- ❖ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4681 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി ) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.

❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.

❖ പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.

❖ **വെൽ വുമൺ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. 2025 ജനുവരി മാസം 19,881 ക്ലിനിക്കുകൾ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നു. ഇതിൽ 2.5 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 13 സ്ത്രീകളെങ്കിലും സേവനം തേടിയിട്ടുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

❖ **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലി രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. 2025 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 21,985 ക്ലിനിക്കുകൾ നടന്നു. ഇതിൽ 5.09 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 23 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലി രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.

❖ **പേഷ്യന്റ് ഗ്രൂപ്പ് മീറ്റിങ്ങുകൾ**: ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 5 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നു. 2025 ജനുവരി മാസത്തിൽ 19,432 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിച്ചു. ഇതിൽ 3.13 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് കീഴിൽ ശരാശരി 4 യോഗങ്ങൾ സംഘടിപ്പിക്കുകയും ഒരു യോഗത്തിൽ ശരാശരി 16 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.

❖ **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ**: ജനുവരി മാസത്തിൽ ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങൾ 13.5 ലക്ഷത്തോളം വീടുകൾ സന്ദർശിച്ചു. ഇതിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 109 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 146 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 64 ഭവന സന്ദർശനങ്ങളും നടത്തിയതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

❖ ജനുവരി മാസത്തിൽ ഒരു ദിവസം ശരാശരി 12 പേരെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സേവനം തേടിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 4 ലാബ് പരിശോധനകൾ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ചെയ്തു വരുന്നു.

❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- ❖ നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- ❖ മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

### ജനുവരി മാസത്തെ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ

- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 3659 യോഗങ്ങൾ ജനുവരി മാസം നടന്നിട്ടുണ്ട്.
- ❖ ഹരിത ഓഫീസിനായി 1443 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 581 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 79 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 466 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 139 യോഗങ്ങളും, ഹരിത സഭക്കായി 28 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 256 യോഗങ്ങളും, ജലബജറ്റിനായി 12 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 28 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 68 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 43 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ❖ വിവിധ യോഗങ്ങളിൽ 8,534 ജനപ്രതിനിധികളും 16,638 ഉദ്യോഗസ്ഥരും, 20,033 സാങ്കേതിക/മറ്റ് പ്രവർത്തകരും ഉൾപ്പെടെ ആകെ 45,205 പേർ ജനുവരി മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ❖ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 58 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 7538 പേർ പങ്കെടുക്കുകയും ചെയ്തു.
- ❖ ഹരിത കേരളം മിഷൻ 94 പരിശീലനങ്ങൾ ജനുവരി മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 4584 പേർ പങ്കെടുത്തിട്ടുണ്ട്.
- ❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജനുവരി മാസത്തിൽ 25,959 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇടപെടലിന്റെ ഭാഗമായി 1723 സന്നദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. യോഗങ്ങളിലും സന്നദ്ധ പ്രവർത്തനങ്ങളും ഉൾപ്പെടെ 1,04,140 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ജനുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം ജനുവരി 2025 | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തങ്ങൾ** | | | | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 581 | 899 | 2071 | 1502 | 4472 | 3 | 151 | 10 | 1124 | 3373 | 99 | 19168 |
| ഹരിത ഓഫീസ് | 1443 | 1248 | 4490 | 2426 | 8164 | 0 | 0 | 23 | 380 | 9164 | 5 | 10148 |
| ഹരിത ടൂറിസം | 79 | 225 | 431 | 457 | 1113 | 0 | 0 | 2 | 120 | 560 | 78 | 6529 |
| ഹരിത അയൽക്കൂട്ടം | 466 | 648 | 841 | 2528 | 4017 | 0 | 0 | 2 | 287 | 2381 | 27 | 7682 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 256 | 918 | 1128 | 1412 | 3458 | 0 | 0 | 1 | 40 | 2885 | 577 | 18300 |
| ഹരിത സഭ | 28 | 102 | 238 | 85 | 425 | 49 | 6785 | 0 | 0 | 158 | 8 | 1124 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 139 | 573 | 636 | 1406 | 2615 | 1 | 60 | 0 | 0 | 2111 | 186 | 9856 |
| ഹരിത KSRTC | 20 | 56 | 173 | 247 | 476 | 0 | 0 | 2 | 54 | 119 | 20 | 982 |
| ഹരിതചട്ട പ്രവർത്തനങ്ങൾ | 43 | 149 | 696 | 1378 | 2223 | 0 | 0 | 0 | 0 | 134 | 27 | 4490 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 347 | 2176 | 3279 | 4843 | 10298 | 0 | 0 | 15 | 731 | 3915 | 682 | 22947 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 1 | 2 | 3 | 4 | 9 | 0 | 0 | 0 | 0 | 12 | 0 | 2 |
| ജല ബജറ്റ് | 12 | 44 | 72 | 163 | 279 | 1 | 76 | 0 | 0 | 89 | 0 | 50 |
| നീരുറവു | 4 | 6 | 16 | 18 | 40 | 1 | 120 | 0 | 0 | 68 | 0 | 9 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 7 | 38 | 27 | 282 | 347 | 0 | 0 | 0 | 0 | 22 | 0 | 0 |
| ജലഗുണനിലവാര ലാബ് | 45 | 48 | 66 | 40 | 154 | 0 | 0 | 1 | 63 | 141 | 0 | 124 |
| പാറക്വാറി പ്രവർത്തനങ്ങൾ | 1 | 3 | 7 | 4 | 14 | 0 | 0 | 0 | 0 | 13 | 0 | 2 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 23 | 43 | 67 | 76 | 186 | 0 | 0 | 0 | 0 | 123 | 1 | 93 |
| നെറ്റ്സീറോ കാർബൺ | 21 | 107 | 127 | 459 | 693 | 2 | 197 | 31 | 1785 | 232 | 0 | 93 |
| പഞ്ചായത്ത്തല കോർഗ്രൂപ് പ്രവർത്തനം | 7 | 7 | 27 | 23 | 57 | 0 | 0 | 0 | 0 | 37 | 0 | 40 |
| പച്ചത്തുരുത്ത് | 38 | 102 | 127 | 285 | 514 | 0 | 0 | 0 | 0 | 205 | 8 | 1048 |
| തെങ്ങിന്-തടം മണ്ണിന് ജലം | 7 | 39 | 24 | 102 | 165 | 0 | 0 | 0 | 0 | 7 | 0 | 0 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 75 | 964 | 1742 | 2258 | 4964 | 1 | 149 | 7 | 0 | 210 | 5 | 1453 |
| കളക്ടറുടെ ജില്ലാ യോഗം | 6 | 92 | 214 | 18 | 324 | | | | | | | 0 |
| ജില്ലാ മിഷൻ യോഗം | 2 | 11 | 78 | 5 | 94 | | | | | | | 0 |
| തദ്ദേശ മിഷൻ യോഗം | 8 | 34 | 58 | 12 | 104 | | | | | | | 0 |
| **ആകെ** | 3659 | 8534 | 16638 | 20033 | 45205 | 58 | 7538 | 94 | 4584 | 25959 | 1723 | 104140 |